# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 24

02 ആഗസ്റ്റ് 2014 പുസ്തകം 37 ലക്കം 24 പേജ് 6


ഉൾപ്പേജുകളിൽ


- എഡിറ്റോറിയൽ 2
- കവിത 3
- വന്നവഴികൾ 4
- വാർത്തൽ 5
- ചിന്ത/വാർത്തകൾ 6


## വൈ.എം.ഇ.എഫ്. നോർത്ത് ടീം വീണ്ടും ബംഗാളിലേക്ക്

- 2014 സെപ്റ്റംബർ 1 മുതൽ രണ്ടു വർഷത്തെ പ്രവർത്തനം
- ആഗസ്റ്റ് 25-ന് ടീം ബംഗാളിലേക്ക് പുറപ്പെടുന്നു.
- തെക്കൻ മേഖലയിലെ 13 ജില്ലകളിൽ ആദ്യ 15 മാസവും തുടർന്ന് 7 വടക്കൻ ജില്ലകളിൽ.



യോഗത്തിൽ പങ്കെടുത്തവർ കേരളത്തിൽ നിന്നുള്ള പ്രതിനിധികളോടൊപ്പം

**അങ്കമാലി:** ഹരിയാന കാമ്പയിനു ശേഷം അടുത്ത ടീം പ്രവർത്തനം എവിടെയായിരിക്കണം എന്ന വിഷയത്തിൽ ഭാരവാഹികൾ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവഹിതം തിരിച്ചറിയാൻ ദൈവമക്കളുടെ പ്രാർത്ഥനയും സഹായകരമായിരുന്നു. ബംഗാളിൽ നിന്നു "കടന്നു വന്നു ഞങ്ങളെ സഹായിക്ക" എന്ന മക്കദോന്യവിളിയും ഈ അവസരത്തിൽ ലഭിക്കുകയുണ്ടായി.

1992-93 വർഷങ്ങളിലാണ് നാം ബംഗാളിൽ പ്രവർത്തിച്ചത്. 19 ജില്ലകളിൽ ഒരു മാസം ഒരു ജില്ലയിൽ എന്ന നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ബംഗാളിലെ ഉൾഗ്രാമങ്ങളിൽ പലതിലും നമുക്കു സുവിശേഷവുമായി എത്തിച്ചേരാൻ അന്നു കഴിഞ്ഞിരുന്നില്ല. കൂടാതെ 22 വർഷം മുമ്പ് നാം പ്രവർത്തിച്ചപ്പോൾ ഒരു വയസ്സുള്ള ഒരു കൈക്കുഞ്ഞുമായി ഒരു മാതാവ് സുവിശേഷം കേട്ടിരുന്നെങ്കിൽ ആ കുഞ്ഞ് ഇന്ന് 22 വയസ്സുള്ള ഒരു യുവാവോ യുവതിയോ ആയിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഇന്നു ഗ്രാമങ്ങളിൽ എത്തുമ്പോൾ ഒരു യുവതലമുറയായിരിക്കും നമ്മുടെ മുമ്പിലെ കേൾവിക്കാർ. ഈ ഹൃദയഭാരം വീണ്ടും ബംഗാളിലേക്കു പോകുവാൻ നമ്മെ നിർബ്ബന്ധിക്കുകയായിരുന്നു.

ബംഗാൾ കാമ്പയിന്റെ ക്രമീകരണങ്ങൾക്കായി സഹോ. പി.റ്റി. ജോൺ, പ്രസിഡന്റ്, സെക്രട്ടറി, കോ-ഓർഡിനേറ്റർ, എന്നിവർ ഉൾപ്പെട്ട 4 പേരുടെ ഒരു ടീം 14-07-2014 ന് കേരളത്തിൽ നിന്നു യാത്ര തിരിച്ചു. 16-ാം തീയതി ബംഗാളിലെ ആദ്രയിൽ എത്തിചേർന്നു. സുവിശേഷകൻ ശാമുവേൽ ദാസ് ഞങ്ങളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു. അന്നു സഭയിലെ ഒരു കുടുംബയോഗത്തിൽ സംബന്ധിച്ചു ശുശ്രൂഷിച്ചു. 17-04-2014 നു അസ്സൻസോളിൽ ക്രമീകരിച്ചിരുന്ന സുവിശേഷകന്മാരുടെയും മൂപ്പന്മാരുടെയും ശുശ്രൂഷകന്മാരുടെയും

➢ശേഷം 2-ാം പേജിൽ




ക്യാമ്പിലേക്കുള്ള വഴി: തൃശ്ശൂർ ഭാഗത്തുനിന്നു വരുന്നവർ ശക്തൻ സ്റ്റാൻഡിൽ നിന്ന് ഗോവിന്ദാപുരം, പൊള്ളാച്ചി, കൊഴിഞ്ഞാംപാറ എന്നീ വഴിക്കുള്ള ബസ്സിൽ കയറി നെന്മാറ സ്റ്റാൻഡിൽ ഇറങ്ങുക.
പാലക്കാട്ടുഭാഗത്തു നിന്നു വരുന്നവർ സ്റ്റേഡിയം സ്റ്റാൻഡിൽ നിന്ന് ബസ് കയറി നെന്മാറയിൽ ഇറങ്ങുക.

കൂടുതൽ വിവരങ്ങൾക്ക്:
9495448947, 9447233752 എന്നീ നമ്പറുകളിൽ വിളക്കേണ്ടതാണ്.

### വൈ.എം.ഇ.എഫ്. കണ്ണൂർ യൂണിറ്റിന്

## പുതിയ ഭാരവാഹികൾ

**കണ്ണൂർ:** കഴിഞ്ഞ രണ്ടു വർഷക്കാലമായി വൈ.എം.ഇ.എഫ്. കണ്ണൂർ യൂണിറ്റിന്റെ പ്രസിഡന്റായി എഡ്വേഡ് ജേക്കബും സെക്രട്ടറിയായി ജെഫ്രി ജോണും ട്രഷററായി കെ.യു. മനോജും ശുശ്രൂഷകൾ ചെയ്തു വന്നു. തുടർന്ന് അടുത്ത രണ്ടു വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ ഉദയഗിരി വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വച്ച് വൈ.എം.ഇ.എഫ്. കണ്ണൂർ യൂണിറ്റ് സുവിശേഷ ക്യാമ്പിനോടനുബന്ധിച്ച് ജൂലൈ 7-നു നടന്ന ജനറൽ ബോഡി യോഗത്തിൽ തെരഞ്ഞെടുത്തു. പ്രസിഡന്റ് - ജെയ്മോൻ കെ. റാഫേൽ പെരുങ്ങോം (9745881658), സെക്രട്ടറി- റിജോയ് കെ. ജോൺ തളിപ്പറമ്പ (9562695956), ജോയിന്റ് സെക്രട്ടറി- ഷാജി വെള്ളോറ (9747563785) ട്രഷറാർ- കെ.യു. മനോജ് പൂപ്പറമ്പ് (9446616207) സെക്രട്ടറിയുടെ വിലാസം: റിജോയ് കെ. ജോൺ, പി.ബി. നമ്പർ 136, തളിപ്പറമ്പ, കണ്ണൂർ, പിൻ- 670 141

ജഫ്രി ജോൺ

## വിശ്വാസിയുടെ അവകാശവാദവും പരിശുദ്ധാത്മാവിന്റെ വെല്ലുവിളിയും

(1 യോഹ: 2: 4,6,9)

തോമസ്കുട്ടി കുരുവിള, തിരുവല്ല

**പരിശുദ്ധാത്മാവിന്റെ വെല്ലുവിളിക്കു മുന്നിൽ നാവിറങ്ങിപ്പോയ വേഷവിശ്വാസിയുടെ ദയനീയാവസ്ഥ ചിത്രീകരിക്കുന്ന യോഹന്നാൻ അപ്പൊസ്തലന്റെ ഹൃദയസ്പന്ദനം തൊട്ടറിയുകയാണ് ലേഖകൻ ഈ പരമ്പരയിലൂടെ. ആഴമായ ആത്മീയസത്യങ്ങൾ സ്പഷ്ടമായി വിശകലനം ചെയ്യുന്ന ഈ ലേഖന പരമ്പര തുടക്കം മുതൽ വായിക്കുക.**

**സ്നാനത്തിൽ കർത്താവിനോടു കൂടിയുള്ള നമ്മുടെ മരണവും, കർത്തൃമേശയിൽ നമുക്ക് വേണ്ടിയുള്ള കർത്താവിന്റെ മരണവും വെളിപ്പെടുന്നു. കർത്താവിനോടുള്ള അനുസരണത്തിന്റെ പാഠശാലയിലെ ആദ്യസിലബസ്സിൽ കർത്താവ് ഉൾക്കൊള്ളിച്ചിരിക്കുന്ന വിഷയങ്ങൾ എത്രയോ മർമ്മപ്രധാനമെന്ന് ഓർക്കേണ്ടതുണ്ട്.**

വിശ്വാസി എന്ന് അഭിമാനിക്കുന്ന ഒരു വ്യക്തിയുടെ മൂന്ന് അവകാശവാദങ്ങളും, അവയുടെ വിശ്വാസ്യത തെളിയിക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ വെല്ലുവിളിയുമാണ് മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിലെ വിഷയം. ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങളാണ് മൂന്ന് വാക്യങ്ങളുടേയും ആദ്യഭാഗം. അവയുടെ വിശ്വാസ്യത തെളിയിക്കുവാനുള്ള വെല്ലുവിളിയാണ് രണ്ടാംഭാഗം. ഇതിൽ പരാജയപ്പെട്ടാൽ എന്ത് തെളിയുന്നു എന്നുള്ളതും ഈ വാക്യങ്ങളിൽ പറയുന്നുണ്ട്. മൂന്ന് വാക്യഘടനയ്ക്കും തമ്മിൽ സാമ്യം ഉണ്ട്. **2:4-ൽ അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുന്നവൻ, 2:6-ൽ അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ, 2:9-ൽ വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുന്നവൻ** എന്നുമാണ് ആദ്യഭാഗം.

ഒരു വിശ്വാസിയുടെ യഥാർത്ഥമായ ആന്തരികാനുഭവത്തെ വെളിച്ചത്തിൽ കൊണ്ടു വരുന്ന, തെറ്റിക്കൂടാത്ത ലിറ്റ്മസ് ടെസ്റ്റ് പോലെ അംഗീകരിക്കുവാൻ നിർബന്ധിതമാകുന്ന ശക്തമായ വാദമുഖങ്ങൾ നിരത്തുന്ന ഒരു കോടതി വിസ്താരത്തിന്റെ ഗൗരവവും പ്രതീതിയും ഈ മൂന്നു ഭാഗങ്ങളും വായനക്കാർക്ക് നൽകുന്നു. അവകാശവാദങ്ങൾ സത്യസന്ധമോ കളവോ എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം അസന്നിഗ്ധമായി തെളിയിക്കപ്പെടുമ്പോൾ ഉള്ള ഉദ്വേഗവും ഈ രംഗത്തുണ്ട്. ആത്മികതയുടെ പുറംപൂച്ചിൽ കഥയില്ലാതെ നടത്തുന്ന വ്യാജമായ വിശ്വാസപ്രഖ്യാപനങ്ങളുടെ പൊള്ളത്തരങ്ങളെ വെളിപ്പെടുത്തുന്ന ഉരകല്ലുകൾ കൂടിയാണ് ഈ ഭാഗം. നമ്മെക്കുറിച്ചുള്ള നമ്മുടെ മുൻവിധികൾ മാറ്റി വെച്ച് ഈവാക്യങ്ങൾ തുറന്നുവയ്

➢ശേഷം 2-ാം പേജിൽ


പ്രാർത്ഥിക്കുക... ഒരുങ്ങുക... കടന്നു വരിക...

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

## ഏകദിന സമ്മേളനം

ബ്രദറൺ അസംബ്ലി ഹാൾ, അങ്ങാടിക്കൽ തെക്ക്, ചെങ്ങന്നൂർ
2014 ആഗസ്റ്റ് 15 വെള്ളി രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ

പ്രധാന പരിപാടികൾ:
ബൈബിൾ ക്ലാസ്സ്,
ബൈബിൾ ക്വിസ്,
ചോദ്യോത്തര വേള,
ഗ്രൂപ്പു പ്രാർത്ഥന

*ക്ലാസ്സുകൾ എടുക്കുന്നത്:*
**എ.എം. പ്രസാദ് മുള്ളരിങ്ങാട്**
(വിഷയം: വിശ്വാസത്തിൽ നിലനില്പിൻ)

***ബൈബിൾ ക്വിസ്: എസ്രാ, നെഹെമ്യാവ്, എസ്ഥേർ***

ഡിവിഷണൽ സെക്രട്ടറി (98467532592)

സുവിശേഷ ധ്വനി
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
ആഗസ്റ്റ് 02
പുസ്തകം 37, ലക്കം 24

# സുവിശേഷവൽക്കരണം പുതിയ മാർഗ്ഗങ്ങൾ തേടുന്നു

ഭവന സന്ദർശനം ഇന്നും ഏറ്റവും നല്ല മാർഗ്ഗം

**ലോ**കം വളരെ പുരോഗമിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ സുവിശേഷപ്രവർത്തനത്തിനു ഭവനസന്ദർശനവും പരസ്യയോഗവും പ്രായോഗികമല്ലെന്നും അതിനാൽ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കണമെന്നുമുള്ള ചിന്താഗതി നമ്മുടെ മധ്യത്തിൽ വർദ്ധിച്ചു വരുന്നുണ്ട്. അതിനു പറയുന്ന കാരണങ്ങൾ വളരെ വിചിത്രമാണ്. മനുഷ്യർക്കാർക്കും സമയമില്ല, എല്ലാവരും തിരക്കോടു തിരക്ക്, സ്ത്രീകൾ പോലും ഉദ്യോഗങ്ങൾക്കായി പോകുന്നതുകൊണ്ട് ഭവനങ്ങളിൽ ചെന്നാൽ ആരും കാണുകയില്ല, ഇനി ആരെങ്കിലും ഉണ്ടെങ്കിൽ തന്നെ അവർക്കു കേൾക്കാൻ  സമയമില്ല. സമയമുള്ളവർക്കു മനസ്സുമില്ല. പരസ്യയോഗങ്ങളുടെ കാര്യം എടുത്താൽ അതിലും ബുദ്ധിമുട്ടാണ്. കവലകളിൽ കേൾവിക്കാരില്ല. വാഹനങ്ങളുടെ തിരക്ക് ഒരു വശത്ത്; വണ്ടി പാർക്കു ചെയ്യാൻ സ്ഥലമില്ല, ഉച്ചഭാഷിണി ഉപയോഗിക്കാൻ പോലീസ് അനുമതി ലഭിക്കാൻ പ്രയാസം, ഇതിലെല്ലാം ഉപരി പണ്ടത്തെക്കാളും സുവിശേഷ വിരോധം വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ പോകുന്നു ന്യായങ്ങൾ.

ഒറ്റ കേൾവിയിൽ ഇതെല്ലാം ശരിയാണെന്നു തോന്നും. പക്ഷെ ഇരുന്ന് ഒന്നു ചിന്തിച്ചാൽ ഈ ന്യായങ്ങൾക്കു യാതൊരു കഴമ്പുമില്ലെന്ന് മനസ്സിലാകും. നമ്മുടെ കർത്താവിനു തെറ്റു പറ്റുമോ? കർത്താവു പറഞ്ഞ വാക്കുകൾക്കു മാറ്റം ഉണ്ടാവുമോ? “ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല” എന്നു കർത്താവു തന്നെയാണ് പറഞ്ഞത് (മത്താ. 24:35). ആ കർത്താവ് ശിഷ്യന്മാരെ സുവിശേഷവേലയ്ക്കായി അയക്കുമ്പോൾ ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കാനായിട്ടാണ് കല്പിച്ചത് (മത്താ.10:12). മാത്രമല്ല ഈരണ്ടീരണ്ടായി പോകണമെന്നും നിർദ്ദേശിച്ചിരിക്കുന്നു (ലൂക്കോ. 10:1). ഈ വാക്കുകൾക്കു മാറ്റം ഉണ്ടാവുമോ? കുറച്ചു കാലത്തേക്ക് ഇതു നല്ലതാണ്. പിന്നീട് പ്രായോഗികമല്ല, അതിനാൽ വേറെ ഏതെങ്കിലും മാർഗ്ഗം സ്വീകരിച്ചോണം എന്നു വല്ലതും കർത്താവു പറഞ്ഞോ? ഒരിക്കലുമില്ല. എക്കാലത്തേക്കും പ്രായോഗികമായതും അനുവർത്തിക്കേണ്ടതുമായ രീതിയാണ് കർത്താവു നമുക്കു തന്നത്. പരസ്യയോഗങ്ങൾക്കും കർത്താവ് വളരെ പ്രാധാന്യം കൊടുത്തിരുന്നു എന്ന് മത്തായി 13:2 വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും. അപ്പൊസ്തല പ്രവൃത്തികൾ ഉടനീളം നോക്കിയാൽ ഈ നിലയിൽ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന രീതി തന്നെയാണ് അപ്പൊസ്തലന്മാരും സ്വീകരിച്ചു വന്നത് എന്ന് മനസ്സിലാക്കാൻ കഴിയും.

ദൈവവചനം ഭവനസന്ദർശനത്തിനും പരസ്യയോഗത്തിനും ഇത്രയധികം പ്രാധാന്യം നല്കിയിരിക്കെ മറിച്ചൊരു ചിന്താഗതിക്ക് കാരണം എന്താണ്? ഉത്തരം വ്യക്തം. മനസ്സില്ല എന്നുള്ളത് തന്നെ. മേൽപ്പറഞ്ഞ രണ്ടു രീതികളും അത്ര ‘ഈസി’യല്ല. അല്പം കഷ്ടപ്പെടണം. നടക്കണം, മലകളും കുന്നും കയറിയിറങ്ങണം; സാധുക്കളുടെ കൊച്ചുവീടുകളിൽ, ചേരി പ്രദേശങ്ങളിൽ ചെന്നെത്തണം; ചള്ള ചവിട്ടണം, നായ്ക്കളെ പേടിക്കണം. കയറിച്ചെല്ലുന്ന വീടുകളിൽ സ്വാഗതം ലഭിച്ചെന്നു വരില്ല. അവഗണനയും പരിഹാസവും, ശകാരവും, നിന്ദാവാക്കുകളും ഒക്കെ കേൾക്കണം. ഇതൊക്കെ അനുഭവിച്ചാലും ഒരാളുപോലും ഏറ്റുപറഞ്ഞ് കർത്താവിനെ സ്വീകരിച്ചില്ലെന്നും വരാം. ഇവയൊക്കെ സഹിക്കാൻ തയ്യാറുള്ളവർക്കു മാത്രം പറഞ്ഞിട്ടുള്ളതാണ് ഭവനസന്ദർശനം മുഖേനയുള്ള സുവിശേഷവേല. വല്ലപ്പോഴും ഒരിക്കൽ പോയതുകൊണ്ടും ആയില്ല. സ്ഥിരമായി പോകണം. സെക്യുലർ ജോലിയിലുള്ളവർ പോലും ആഴ്ചയിൽ ചിലമണിക്കൂറുകളെങ്കിലും ഇതിനു വേണ്ടി മാറ്റി വെയ്ക്കണം. അപ്പോൾ ഈ പ്രവർത്തനത്തിന്റെ സ്വാദ് ആസ്വദിക്കാൻ സാധിക്കും. കൈ നനയാതെ മീൻ പിടിക്കാൻ സാധിക്കുമോ? കരയ്ക്കിരുന്ന് വള്ളം തുഴയാനും കഴിയില്ല. ഒന്നിറങ്ങിപുറപ്പെടുക. അപ്പോൾ മനസ്സിലാകും ആളെ കിട്ടുമോ ഇല്ലയോ എന്ന്. മറ്റുള്ളവരുടെ മുമ്പിൽ പ്രസിദ്ധി ലഭിച്ചെന്നുവരില്ല. ആരും അറിഞ്ഞെന്നും വരില്ല; സാരമില്ല.

ഇനി പരസ്യയോഗത്തിന്റെ കാര്യം. എന്തിന് വലിയ മൈക്ക് സെറ്റും സംവിധാനവും? പോലീസ് അനുവാദം ആവശ്യമില്ലാത്ത ചെറിയ സെറ്റ് ഉപയോഗിക്കാമല്ലോ? വലിയ കവലകൾ വേണ്ട. വാഹനങ്ങളുടെ തിരക്കില്ലാത്ത ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, തെരുവുകൾ, കോളനികൾ ഇവ തെരഞ്ഞെടുക്കാമല്ലോ.  രാഷ്ട്രീയ പാർട്ടികൾ ധർണ്ണ നടത്തുമ്പോൾ ശ്രദ്ധിച്ചിട്ടുണ്ടോ. ഈ പ്രകാരത്തിലുള്ള ചെറിയ മൈക്ക് സെറ്റാണ് അവർ പോലും ഉപയോഗിക്കുന്നത്. അങ്ങനെയിരിക്കെ ദൈവകൃപയാൽ ഏറ്റവും നല്ല സുവിശേഷദർശനം ലഭിച്ച, വചനപരിജ്ഞാനമുള്ള നമുക്ക് വലിയ സ്പീക്കറും ജനക്കൂട്ടവും ഉണ്ടെങ്കിലേ പ്രസംഗം വരികയുള്ളു എന്നുണ്ടോ?

മുടന്തൻ ന്യായങ്ങൾ പറഞ്ഞ് സമയം കളയാതെ ലഭിച്ച സാഹചര്യവും സജ്ജീകരണങ്ങളും അനുസരിച്ച് കർത്താവിന്റെ വേല ചെയ്യാം. “ഒന്നും ചെയ്യാതിരിക്കുന്നതിനെക്കാൾ എന്തെങ്കിലും ചെയ്യുന്നതാണ് നല്ലത്.” അങ്ങനങ്ങോട്ടു പ്രവർത്തിച്ചു തുടങ്ങുമ്പോൾ നമുക്ക് സംതൃപ്തി ലഭിക്കും. കർത്താവു ഫലം തരും.

**സ്റ്റാൻലി ജേക്കബ്**

## വൈ.എം.ഇ.എഫ്. നോർത്ത്...

➢ 1-ാം പേജിൽ നിന്നും തുടർച്ച

യോഗത്തിൽ വച്ച് കാമ്പയിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു.

ബംഗാളിനെ രണ്ടായി തിരിച്ചാണ് ഈ പ്രാവശ്യം പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. തെക്കൻ മേഖലയിൽ 13 ജില്ലകളും വടക്കൻ മേഖലയിൽ 7 ജില്ലകളുമാണുള്ളത്. ഇതിൽ തെക്കൻ മേഖലയിൽ നിന്നും 44 പേർ സംബന്ധിച്ചു. വളരെ പ്രോത്സാഹനജനകമായിരുന്നു ഈ സമ്മേളനം. ഓരോ ജില്ലകളിൽ നിന്നും എത്തിയ പ്രതിനിധികൾ ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും തങ്ങളുടെ ജില്ലകളിലെ പ്രവർത്തനങ്ങളുടെ ചുമതല സന്തോഷത്തോടെ ഏറ്റെടുക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ പങ്കെടുത്തവർ മിക്കവരും യുവസഹോദരന്മാരായിരുന്നുവെന്നത് വളരെ സന്തോഷകരമായിരുന്നു.

വിശദമായ ചർച്ചകൾക്കു ശേഷം 2014 സെപ്റ്റം 1 മുതൽ 2 വർഷത്തേക്കുള്ള ഒരു കാമ്പയിൻ പ്രവർത്തനം നടത്താൻ തീരുമാനിച്ചു. ആദ്യം തെക്കൻ മേഖലയിലെ 13 ജില്ലകളിൽ 15 മാസവും തുടർന്നു വടക്കൻ മേഖലയിലെ 7 ജില്ലകളിൽ അവിടെയുള്ള സുവിശേഷകന്മാരെയും സുവിശേഷതല്പരരെയും ചേർത്തു വിശദമായ പ്രോഗ്രാം തയ്യാറാക്കി പ്രവർത്തനം തുടരുവാനും തീരുമാനിച്ചു. തെക്കൻ മേഖലയിൽ ഒരു ജില്ലയിൽ ഒരു മാസം എന്ന നിലയിൽ പ്രവർത്തിക്കുവാനാണ് തീരുമാനിച്ചതിട്ടുള്ളത്. എന്നാൽ കേരളത്തേക്കാൾ വിസ്തൃതിയുള്ള 2 ജില്ലകളിൽ 2 മാസം വീതം പ്രവർത്തിക്കുന്നതാണ്.

ഇവിടുത്തെ പ്രവർത്തനങ്ങളുടെ പൊതുവായ ചുമതലകൾ സഹോദരന്മാരായ ശാമുവേൽ ദാസിനെയും സന്തോഷ് തോമസ്സിനെയും ഏല്പിച്ചു. ഓരോ ജില്ലകൾക്കായി ജില്ലയിൽ ഓരോരുത്തരെയും ചുമതലപ്പെടുത്തി. ദൈവഹിതമായാൽ 2014 ആഗസ്റ്റ് 25-ന് ഇവിടെ നിന്നും 5 പേരടങ്ങുന്ന ഒരു ടീം യാത്രതിരിച്ച് 29-ാം തീയതി ബംഗാളിൽ എത്തിച്ചേരുകയും അടുത്ത ദിവസം കാമ്പയിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ വിലയിരുത്തുകയും ചെയ്യും. 31-ാം തീയതി അവിടെയുള്ള ദൈവജനത്തോടു ചേർന്നു ആരാധിക്കുകയും സെപ്റ്റംബർ 1 മുതൽ പുരുളിയ ജില്ലയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്യും.

രണ്ടു വർഷം നീണ്ടു നില്ക്കുന്ന ഈ കാമ്പയിനിൽ വിവിധ ശുശ്രൂഷകൾക്കായി ധാരാളം യുവസഹോദരന്മാർ മുമ്പോട്ടു വരണം. സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുവാൻ ദൈവമക്കളുടെ കൈകൾ തുറക്കപ്പെടണം. ഈ കാമ്പയിനിന്റെ നടത്തിപ്പിനും അനുഗ്രഹത്തിനുമായി ദൈവജനം മുട്ടിന്മേൽ നിന്നു പോരാടണം. ആകയാൽ ദൈവജനത്തിന്റെ നിരന്തരമായ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾ ടീം ലീഡർ, ഡ്രൈവർ, കുക്ക്, മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർ M.C. George, Praise Dale, Nellikkunnu, Thrissur- 680 005 എന്ന വിലാസത്തിലോ, 9446044933, 0497- 2441933 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

വൈ.എം.ഇ.എഫ്. (N.D.) ട്രസ്റ്റിനു വേണ്ടി,
രമേശ് എസ്. നായർ, സെക്രട്ടറി

## വിശ്വാസിയുടെ അവകാശവാദവും

➢ 1-ാം പേജിൽ നിന്നും തുടർച്ച

ക്കുന്ന പരീക്ഷണശാലയിൽ നമ്മെത്തന്നെ നിർത്തിക്കൊണ്ട് ഒരു ആത്മപരിശോധനയ്ക്ക് സന്നദ്ധമാകുവാനാണ് ഇവിടെ യഥാർത്ഥത്തിൽ ദൈവാത്മാവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. തികഞ്ഞ അവധാനതയോടും പ്രാർത്ഥനയോടും കൂടെ ഈ വാക്യഭാഗങ്ങൾ ഉയർത്തുന്ന ചോദ്യങ്ങളെ നേരിട്ടാൽ വചനം കേട്ടിട്ട് നമ്മുടെ സ്വാഭാവികമുഖം കണ്ണാടിയിൽ കാണുന്ന അനുഭവം ഉണ്ടായേക്കാം.

*1 യോഹ 2:4-ൽ* **“അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല.”** കർത്താവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിച്ച് വീണ്ടും ജനനം പ്രാപിച്ചു എന്ന് അവകാശപ്പെടുന്ന ഒരു വ്യക്തിയാണിവിടെ വിവക്ഷിക്കപ്പെടുന്നത്.

രക്ഷിക്കപ്പെടുമ്പോൾ ഒരു വ്യക്തി കർത്താവിന്റെ കർതൃത്ത്വം ഏറ്റെടുക്കുകയാണ്. സാത്താന്റെ അധീനതയിൽനിന്നും കർത്താവിന്റെ യജമാനത്വത്തിലേക്കുള്ള മാറ്റത്തിൽ, അവന്റെ അനുസരണത്തിനായി സമ്പൂർണ്ണമായി ഏല്പിച്ചു കൊടുക്കുകയാണ് നാം. കർത്താവിനോടും അവന്റെ കല്പനകളോടുമുള്ള അചഞ്ചലവും സത്യസന്ധവുമായ അനുസരണമാണ് അവനെ നാമധേയ ക്രിസ്ത്യാനിയിൽനിന്നും വ്യതിരിക്തനാക്കുന്നത്. യേശുക്രിസ്തുവിന്റെ കർതൃത്ത്വം അംഗീകരിച്ച് (റോമർ 10:9) ആ മാറ്റത്തിന് വിഷയീഭവിച്ച ഒരു ജീവിതത്തിൽ കർത്താവിന്റെ കല്പനകൾ ശിരസ്സാവഹിക്കുന്ന ഒരു ജീവിതവ്രതം (ജീവിതചര്യ) സ്വാഭാവികമായും പ്രകടമാകുന്നു. ഇപ്രകാരമുള്ള ഒരു വിശ്വാസിയുടെ സാധാരണഗതിയിലുള്ള മനോഭാവവും താല്പര്യവും കർത്താവിനെ അനുസരിക്കുന്നതിലായിരിക്കും.

**എന്നാൽ ഇവിടുത്തെ വിഷയം, കർത്താവിനെ അറിഞ്ഞിരിക്കുന്നു എന്ന് അവകാശപ്പെടുകയും അവന്റെ കല്പനകൾ പ്രമാണിക്കുന്നതിൽ അനുസ്യൂതമായ വിമുഖത ഒരുവനിൽ കാണപ്പെടുകയും ചെയ്താൽ ആ പൊരുത്തക്കേട് ചില അപ്രിയ സത്യങ്ങൾ വെളിപ്പെടുത്തുന്നു എന്നത്രെ. ഈ വൈരുദ്ധ്യത്തിന്റെ അർത്ഥതലങ്ങളിലേക്കത്രേ യോഹന്നാൻ വെളിച്ചം പകരുന്നത്.**

വിശ്വാസികളും ചില സന്ദർഭങ്ങളിൽ തെറ്റിന് വശംവദരാവുകയും അനുസരണക്കേടിന്റെ വഴിയിൽ കുറേദൂരം പോവുകയും ചെയ്യാറുണ്ട്. ഇതിനുള്ള പ്രതിവിധി 1 യോഹ. 1:9-ൽ പറഞ്ഞിരിക്കുന്നു. “നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.” ഈ വിഷയത്തിന്റെ ദൃഷ്ടാന്തത്തിനായി വിശ്വാസിയെ ആടിനോടും അവിശ്വാസിയെ പന്നിയോടും ഉപമിക്കാറുണ്ട്. ആട് ഒരു ചെളിക്കുഴിയിൽ അബദ്ധത്തിൽ വീണാൽ ഉടൻ അത് ചാടിപ്പിടഞ്ഞ് കരയ്ക്ക് കയറുന്നു. പന്നി ചെളിക്കുഴി കണ്ടാൽ അതിൽ മനഃപൂർവ്വം ചാടുന്നു. കുഴിയിൽ നിന്നും കയറാൻ ശ്രമിക്കാതെ പന്നി അതിൽ ആനന്ദം കണ്ടെത്തുന്നു.

**ഒരു വിശ്വാസി പാപത്തിൽ വീഴാം, പക്ഷെ തുടരാൻ ഇഷ്ടപ്പെടുന്നില്ല. A child of God does not practice sin. എന്നാൽ അവിശ്വാസി പാപത്തിൽ തുടർന്നു കൊണ്ടിരിക്കുന്നു. ഒരു വിശ്വാസി കർത്താവിന്റെ കല്പനകൾ അനുസരിക്കാതെ പാപത്തിൽ തുടർന്നാൽ അവൻ പറയുന്നത് മുഖവിലയ്ക്ക് എടുക്കാനാവില്ല എന്ന വസ്തുതയാണ് അസന്നിഗ്ധമായി യോഹന്നാൻ ഈ വാക്യത്തിൽ സമർത്ഥിക്കുന്നത്. സത്യം അവന്റെ**

➢➢

ഗോത്രങ്ങൾ തേടി..... 84



പാൻഡോകളെ സംബന്ധിച്ചിടത്തോളം കർമ്മ 'ഉത്സവം' എന്നാൽ പുരുഷന്മാരും സ്ത്രീകളും കുട്ടികളും യാതൊരു ജോലിയിലും ഏർപ്പെടാതെ ദിവസം മുഴുവൻ മദ്യം കഴിച്ചു കൊണ്ടിരിക്കുക എന്നാണർത്ഥം.

# പാൻഡോ

ജനസംഖ്യ : 1.95 ലക്ഷം
സാക്ഷരത : 10%
തിരുവചന ലഭ്യത : തിരുവചന പരിഭാഷ നിലവിലില്ല



**ഇ**ത് പാൻഡോപ്പരാ എന്ന പാൻഡോ ഗ്രാമം. യുവാക്കളായ രണ്ട് മിഷനറിമാർ പാൻഡോ ഭാഷയെ കുറിച്ച് പ്രാഥമിക പഠനം നടത്താൻ ഇവിടെ വന്നിരുന്നു. അവർ എത്തുമ്പോൾ ഗ്രാമം മുഴുവൻ ഉത്സവ ലഹരിയിലാണ്. അവരുടെ 'മദ്യത്തിന്റെ ദേവന്റെ' പേരിലുള്ള 'കർമ്മ' എന്ന ഉത്സവം അടുത്ത ദിവസമാണ്. പെട്ടെന്ന് ഈ രണ്ടു ചെറുപ്പക്കാരുടെയും ചുറ്റിലും ഒറു ചെറിയ കൂട്ടം ആളുകൾ വന്നു കൂടി. യുവാക്കളും വൃദ്ധന്മാരും എങ്ങനെയാണ് അടുത്ത ദിവസം മദ്യം കഴിക്കുന്നതെന്ന് അവർ സന്തോഷത്തോടെ പറഞ്ഞു കേൾപ്പിച്ചു. അവരുടെ ആവേശം സന്തോഷവാക്കുകളിൽ പ്രകടമാണ്. അവർ ഈ രണ്ടു ചെറുപ്പക്കാരായ മിഷനറിമാരെയും ആഘോഷത്തിൽ പങ്കു കൊള്ളാൻ ക്ഷണിച്ചു. വർണ്ണ ശബളമായ ജീവിത രീതികളുള്ള 35 ഗോത്രവർഗ്ഗക്കാരിൽ ഒന്നാണ് പാൻഡോകൾ. മധ്യ ഭാരതത്തിൽ ഛത്തിസ്ഗഢിലാണ് ഇവർ പാർക്കുന്നത്.

ഓരോ ഗോത്രത്തിനും ഓരോ പ്രത്യേക സംസ്കാര പാരമ്പര്യം ഉണ്ട്. താളക്കൊഴുപ്പുള്ള നാടോടിപ്പാട്ടുകൾ, നൃത്തം, നാടകം എന്നിവ ഇവരുടെ സംസ്കാരത്തിന്റെ ഭാഗങ്ങളാണ്. ഈ ആചാരങ്ങൾ നേരിൽ കാണുന്നത് ഇവരുടെ പാരമ്പര്യത്തിലേക്ക് ഒരു ഉൾക്കാഴ്ച നൽകും. പാൻഡോകൾ ഛത്തിസ്ഗഢിലെ സെർഗുജ, കേറിയ ജില്ലകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇവരുടെ വാസസ്ഥലങ്ങളിൽ പീഠഭൂമികളും കുന്നുകളും ഉണ്ട്. ആകെയുള്ള പ്രദേശങ്ങളിൽ കൂടിയ പങ്കും വനങ്ങളാണ്.

പ്രകൃതി പൊതുവെ സമ്പന്നമാണെങ്കിലും പാൻഡോകൾ അഭിവൃദ്ധിയുടെ താഴത്തെ പടികളിൽ തന്നെ. ഇവർ ചെറിയ തോതിൽ കൃഷി ചെയ്യാറുണ്ട്. ദിവസക്കൂലി പണികൾ കന്നുകാലി വളർത്തൽ പക്ഷികൾ വനവിഭവസമാഹരണം എന്നിവയാണ് മറ്റു വരുമാന മാർഗ്ഗങ്ങൾ. ഇവർക്ക് വൈദ്യുതി, ഗാതാഗതം, ആരോഗ്യസംരക്ഷണം എന്നിങ്ങനെയുള്ള ജീവിത സൗകര്യങ്ങൾ ഒന്നുമില്ല. അടിയന്തര ഘട്ടങ്ങളിലെങ്കിലും പ്രയോജനപ്പെടുത്താൻ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം പോലുമില്ല.

ചില പാൻഡോ പ്രദേശങ്ങളിൽ ഗവൺമെന്റ് നേഴ്സറികളും പ്രൈമറി സ്കൂളുകളും നടത്തുന്നുണ്ട്. എന്നാൽ ഇവർ വിദ്യാഭ്യാസകാര്യത്തിൽ താല്പര്യം കാണിക്കുന്നില്ല. ഇവരുടെ ഭാഷയെക്കുറിച്ചുള്ള ഒരു പഠനം ഈയിടെ പൂർത്തിയായിട്ടുണ്ട്. പാൻഡോകൾക്കായി ഇവരുടെ മാതൃഭാഷയിൽ തിരുവചനപരിഭാഷ ഉടനെ ആരംഭിക്കുമെന്ന് നമുക്ക് കരുതാം. ഇവരുടെ ഇടയിൽ മിഷൻ പ്രവർത്തനത്തിന് വലിയ അവസരങ്ങളും ആവശ്യങ്ങളും ഉണ്ട്. ആവശ്യത്തിലിരിക്കുന്ന ഈ ജനത്തിനു വേണ്ടി കൊയ്ത്തിന്റെ നാഥനാകുന്ന കർത്താവിനോട് നമുക്ക് അപേക്ഷിക്കാം. ●

### പ്രാർത്ഥനയ്ക്കായി

- ♦ ഇവരുടെ ഇടയിൽ സുവിശേഷ അറിയിക്കാൻ മിഷൻ സംഘടനകൾക്ക് ദർശനം ലഭിക്കുന്നതിനായി...
- ♦ കൂടുതൽ മിഷനറിമാർ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കടന്നു ചെല്ലുന്നതി നായി...
- ♦ പാൻഡോ സമൂഹം സാമ്പത്തിക അഭിവൃദ്ധി പ്രാപിക്കുന്നതിനും എല്ലാ പ്രകാരത്തിനും സ്വയം പര്യാപ്തത നേടുന്നതിനും...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# സമയത്തിനു മുമ്പേ ഓടുന്നവർ

**ജോർജ്ജ് സി. വറുഗീസ്സ്,**
**തിരുവനന്തപുരം**

'ആ കാലത്ത് മോശെ മുതിർന്ന ശേഷം അവൻ തന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു അവരുടെ ഭാരമുള്ള വേല നോക്കി, തന്റെ സഹോദരന്മാരിൽ ഒരു എബ്രായനെ ഒരു മിസ്രയീമ്യൻ അടിക്കുന്നത് കണ്ടു. അവൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കീട്ട് ആരും ഇല്ലെന്നു കണ്ടപ്പോൾ മിസ്രയീമ്യനെ അടിച്ചു മണലിൽ മറവുചെയ്തു' (പുറ. 2:11-12). '.... അപ്പോൾ കാര്യം പ്രസിദ്ധമായി പോയല്ലോ എന്നു പറഞ്ഞു മോശെ പേടിച്ചു' (വാക്യം 14).

'മനുഷ്യരിൽ നിന്നല്ല മനുഷ്യരാലുമല്ല, യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിച്ച പിതാവായ ദൈവത്താലുമത്രേ അപ്പൊസ്തലനായ പൗലോസും....' (ഗലാ. 1:1).

ദൈവത്തിന്റെ നിശ്ചിതസമയത്തിനു മുൻപേ പ്രവർത്തനവേദിയിലേക്കു ചാടിക്കയറുന്ന മോശെയെയാണ് നാം മുകളിൽ കാണിച്ചിരിക്കുന്ന വേദഭാഗങ്ങളിൽ കൂടെ കാണുന്നത്. തന്റെ സഹോദരന്മാരെക്കുറിച്ചുള്ള വാസ്തവമായ എരിവായിരുന്നു ഇത്. പക്ഷേ 'പരിജ്ഞാനത്തിനൊത്തവണ്ണ'മുള്ള എരിവായിരുന്നില്ല. മിസ്രയീമിനെ ന്യായം വിധിക്കുവാനും യിസ്രായേലിന് വിടുതൽ നല്കാനുമുള്ള ദൈവത്തിന്റെ തക്ക സമയം ഇനിയും ആയിട്ടില്ല. ബുദ്ധിയുള്ള ദാസൻ ദൈവത്തിന്റെ സമയത്തിനു വേണ്ടി കാത്തിരിക്കും. "മോശെ മുതിർന്നു..... മിസ്രയീമ്യരുടെ സകലജ്ഞാനവും അഭ്യസിച്ചു", തന്നെയുമല്ല "താൻ മുഖാന്തരം ദൈവം അവർക്ക് രക്ഷ നൽകുമെന്ന് തന്റെ സഹോദരന്മാർ ഗ്രഹിക്കും" എന്ന് താൻ സ്വയം തീരുമാനിക്കുകയും ചെയ്തു. ഇതൊക്കെ ശരിയാണ്, പക്ഷേ അവൻ സമയത്തിനു മുൻപേ ഓടി, ദൈവത്തിന്റെ നിശ്ചിത സമയത്തിനു മുൻപേയും. തികച്ചും പരാജയം ഏറ്റു വാങ്ങുകയായിരുന്നു ഫലം.

**ദൈവവിളി കേട്ട് ദൈവത്തിന്റെ സമയത്ത് ഇറങ്ങിയവർക്ക് അങ്ങോട്ടും ഇങ്ങോട്ടും നോക്കേണ്ട ആവശ്യം വരികയില്ല.**

മോശെയെ ദൈവം എഴുന്നേൽപ്പിച്ചു എന്നത് ശരിതന്നെ. പക്ഷേ ദൈവത്തിന് അതുമാത്രം പോരായിരുന്നു. ആദ്യം 40 കൊല്ലക്കാലത്തോളം ഫറവോന്റെ പുത്രിയുടെ കൊട്ടാരത്തിലും പിന്നൊരു 40 സംവത്സരക്കാലം മരുഭൂമിയുടെ പിൻപുറത്തും, അങ്ങനെ 80 ദീർഘവർഷക്കാലത്തെ പരിശീലനവും ശിക്ഷണവും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അവന് കൊടുക്കേണ്ടത് ആവശ്യമായിരുന്നു. ഒരു ദൈവദാസന് 80 സംവത്സരക്കാലം പരിശീലനത്തിന് വേണ്ടി ചെലവാക്കുന്നത് കുറെ കൂടുതലല്ലേ എന്ന് നമ്മുടെ അല്പബുദ്ധിയിൽ നമുക്കു തോന്നിയേക്കാം. ഇന്ന് കാണുന്നതു പോലെയുള്ള ബൈബിൾ സ്കൂളുകളിലൊന്നിന്റെ ഒന്നോ രണ്ടോ വർഷത്തെ ഒരു കോഴ്സ് പൂർത്തിയാക്കി ഫീൽഡിലേക്ക് അങ്ങ് അയച്ചാൽ പോരായോ എന്ന്

➤ശേഷം 4-ാം പേജിൽ

➤➤

**അന്തരംഗത്തിൽ ഇല്ല. വിശ്വാസിയാണെന്നുള്ള അവന്റെ അവകാശവാദം വ്യാജവും യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതുമത്രേയെന്ന് യോഹന്നാൻ ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു.**

വചനം കേട്ട് വിശ്വസിച്ച് രക്ഷിക്കപ്പെട്ടാൽ ഉടൻ ഒരു വിശ്വാസി കർത്താവിന്റെ കല്പനകളുടെ അനുസരണത്തിന്റെ പരീക്ഷയ്ക്ക് വിധേയനാകേണ്ടി വരുന്നു. സഭയ്ക്ക് കർത്താവ് തന്നെ നൽകിയ രണ്ട് അനുഷ്ഠാനങ്ങളോട് അനുകൂലമായി പ്രതികരിക്കുവാൻ കല്പിക്കപ്പെടുന്നു. സ്നാനവും, കർത്തൃമേശയും. സ്നാനത്തിൽ കർത്താവിനോടു കൂടിയുള്ള നമ്മുടെ മരണവും, കർത്തൃമേശയിൽ നമുക്ക് വേണ്ടിയുള്ള കർത്താവിന്റെ മരണവും വെളിപ്പെടുന്നു. കർത്താവിനോടുള്ള അനുസരണത്തിന്റെ പാഠശാലയിലെ ആദ്യസിലബസ്സിൽ കർത്താവ് ഉൾക്കൊള്ളിച്ചിരിക്കുന്ന വിഷയങ്ങൾ എത്രയോ മർമ്മപ്രധാനമെന്ന് ഓർക്കേണ്ടതുണ്ട്. **കർത്താവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെ test cases (പരിശോധനാ വിഷയങ്ങൾ) ആണ് ഇവ രണ്ടും.**

ആദിമസഭയിൽ അടിസ്ഥാന ഉപദേശങ്ങളുടെ പട്ടികയിലെ ഏഴ് കാര്യങ്ങളിൽ ഒന്നാമത് കർത്താവിനെ കൈക്കൊ ള്ളുന്നതും, തുടർന്നുള്ള ആറ് കാര്യങ്ങൾ കർത്താവിനെ സ്വീകരിക്കുന്നവർ അനുഷ്ഠിക്കേണ്ട കല്പനകളുമത്രേ (അപ്പൊ. 2:42).

**ഇതിനു തയ്യാറാകാതെ വചനത്തിന് പുറംതിരിഞ്ഞു നിൽക്കുന്ന ഒരു വ്യക്തിയുടെ യഥാർത്ഥചിത്രം യോഹന്നാൻ നിർദ്ദാക്ഷിണ്യം അനാവരണം ചെയ്യുകയാണിവിടെ. അവനെ അറിഞ്ഞിരിക്കുന്നു എന്ന പ്രഖ്യാപനം കൊണ്ട് കാര്യമില്ല. നിറവേറ്റേണ്ട ഉത്തരവാദിത്വങ്ങൾ എപ്രകാരം നിറവേറ്റി എന്നതാണ് പ്രശ്നം. അവനെ അറിഞ്ഞിരിക്കുന്നു എന്നവകാശപ്പെട്ട ഈ വ്യക്തി അറിഞ്ഞോ അറിയാതെയോ ലോകത്തോട് വിളിച്ചു പറയുന്ന ദുഃഖസത്യങ്ങൾ ഈ വാക്യത്തിന്റെ വരികൾക്കിടയിലൂടെ നമുക്കിങ്ങനെ വായിക്കാം:-**

"ജീവിതം കൊണ്ട് ഒരു കാര്യം ഞാൻ തെളിയിച്ചു. എന്റെ പ്രഖ്യാപനങ്ങൾ വിശ്വസനീയമല്ല; അതെല്ലാം തെറ്റായിരുന്നു. എന്റെ അവകാശവാദങ്ങൾ അംഗീകാരയോഗ്യമല്ല; ദൈവത്തിന്റെ പ്രമാണങ്ങളോട് നിരക്കാതെ വന്നിരിക്കുന്നതിനാൽ ഞാൻ പറഞ്ഞതൊക്കെ കളവാണെന്ന് തെളിഞ്ഞിരിക്കുന്നു."

**ഈ ദുരവസ്ഥ നാണക്കേടിന്റെ പ്രശ്നമല്ല; ആത്മരക്ഷ നേടാതെ സ്വയം വഞ്ചിക്കപ്പെട്ടും മറ്റുള്ളവരെ വഞ്ചിച്ചും നരകത്തെ ലക്ഷ്യമാക്കി പായുന്ന ഒരു ക്രൈസ്തവ വേഷഭക്തന്റെ നിത്യതയിലെ അപരിഹാര്യമായ നഷ്ടവും, ആഴം കണക്കുകൂട്ടുവാൻ കഴിയാത്ത ദുരന്തവുമത്രെ.**

*(തുടരും)*




പി.വി. സന്തോഷ്, വയനാട്

വിടരും മുമ്പേ കൊഴിഞ്ഞൊരു പുഷ്പം
വിടരുമോ ഇനി വസന്തമായ് വീണ്ടും
വിടർന്നേക്കാം ചില അത്ഭുതങ്ങളാൽ
വിധിതൻ കളികൾ യാഥാർത്ഥ്യമാകാം

നീ ഒരു മൊട്ടായിരുന്നപ്പോൾ പുഷ്പമേ
നീ വിരിയാനാഗ്രഹിച്ചിരുന്നുവോ?
നിന്റെ ആഗ്രഹങ്ങൾക്കതീതമായി
നീയിന്നിതാ പാതി വിരിഞ്ഞിരിക്കുന്നു.

നീ വിരിഞ്ഞു തുടങ്ങുമ്പോഴേക്കും
നറുമണം തൂകി നിൽക്കുമ്പോൾ നിന്നെ-
തേടിയെത്തിയിരുന്ന അളികളും-
ശലഭവും പക്ഷികളും ചെറുപ്രാണികളും

ഇന്നു നീ കൊഴിഞ്ഞിരിക്കുമ്പോൾ
നിന്നെ ഓർക്കാറുണ്ടോ? ആരെങ്കിലും
നിന്റെ നറുമണമാസ്വദിച്ചവരും
നീ കൊഴിഞ്ഞപ്പോൾ വന്നിരുന്നോ?

ഒരു പൂവിന്റെ ജീവിതം പോലെ
മനുഷ്യരോരുത്തരായി ഭൂമിയിൽ
നിനക്കിനി വിടരാനാകുമോ പുഷ്പമേ
ലോകനായകൻ കർത്തൻ കരങ്ങളിൽ



വന്ന വഴികൾ - 3

# ലൈബ്രറിയും റീഡിംഗ് റൂമും

**ഇ.ജെ. പൈലി, അങ്കമാലി**

അനന്തപൂർ ടൗണിന്റെ പ്രധാന ഭാഗത്ത് പ്രധാന റോഡരികിൽ രണ്ടുമുറികൾ വാടകയ്ക്കെടുത്ത് ഫർണ്ണിച്ചർ മുതലായവ തയ്യാറാക്കി. കുറെ നല്ല പുസ്തകങ്ങൾ സഹോദരന്മാർ സംഭാവന ചെയ്തു. അങ്ങനെ റീഡിംഗ് റൂമിന്റെ ഉദ്ഘാടനം നിശ്ചയിച്ചു.

**ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് 15-ഓളം കി.മീ. അകലെ സൈക്കിളിൽ ഒരു ഗ്രാമത്തിൽ പോയി. അവിടെ കണ്ട കാഴ്ച ഞങ്ങളെ അത്ഭുതപ്പെടുത്തി.**

സ്ഥലത്തെ വിവിധ ക്രിസ്തീയ സഭകളിൽ ഉള്ളവരെയെല്ലാം ഉദ്ഘാടനത്തിന് ക്ഷണിച്ചതനുസരിച്ച് ധാരാളം ക്രിസ്ത്യാനികൾ അന്നേ ദിവസം വന്നു കൂടി. അടുത്ത് കദിരി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഒരു സി.ഐ.ജി.എം. മിഷനറിയെ ഉദ്ഘാടനത്തിന് ക്ഷണിച്ചു. അനുഗ്രഹിക്കപ്പെട്ട നിലയിൽ ഉദ്ഘാടനം നടക്കുകയുണ്ടായി. Evangelical Library & Reading Room- Free and Open to all എന്നെഴുതിയ ഒരു ബോർഡും വെച്ചു. തെലുങ്ക് ഭാഷയിലും ഇംഗ്ലീഷിലുമുള്ള ദിനപത്രങ്ങളും ക്രമീകരിച്ചു. മേശപ്പുറത്ത് നിരത്തിവയ്ക്കുവാൻ ക്രിസ്തീയ മാസികകളും ഉണ്ടായി. പലരും പത്രം വായിക്കുവാൻ വന്നു. ആ കൂട്ടത്തിൽ അവരോട് സുവിശേഷം പറയുവാനും ട്രാക്റ്റുകൾ കൊടുക്കുവാനും അവസരമുണ്ടായി.

രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകിട്ട് 5 മണിമുതൽ 9 മണി വരെയും ആയിരുന്നു പ്രവർത്തന സമയം. സ്ഥലം സഭയിലെ വിശ്വാസികളും പലർ കടന്നു വന്ന് കുറച്ചു സമയം റീഡിംഗ് റൂമിൽ ചെലവഴിക്കാൻ ഉത്സാഹിച്ചു. അവർ പിരിഞ്ഞു പോകുന്നതിനു മുമ്പായി അകത്തെ മുറിയിൽ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനും സാധിച്ചു. അങ്ങനെ വിശ്വാസികൾ തമ്മിലുള്ള കൂട്ടായ്മാബന്ധം ശക്തിപ്പെടുന്നതിന് ഈ ശുശ്രൂഷ മുഖാന്തിരമായി. പലരും വന്നു പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോയി വായിക്കുവാൻ താല്പര്യം കാണിച്ചു. അക്കൂട്ടത്തിൽ ഹൈന്ദവനായ വക്കീലും ഉണ്ടായിരുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

ആ പട്ടണത്തിലെ സുവിശേഷീകരണത്തിൽ ഒരു പ്രധാന പങ്കു വഹിക്കുവാൻ ഈ ലൈബ്രറി റീഡിംഗ് റൂം പ്രവർത്തനം മുഖാന്തരമായി. ആത്മിക വർധനയ്ക്ക് ഉതകുന്ന ധാരാളം ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലുള്ളത് ആ ലൈബ്രറിയിൽ ഉണ്ടായിരുന്നു. സഭയിലുണ്ടായ ചില പ്രശ്നങ്ങൾ പിന്നീട് ഈ പ്രവർത്തനത്തെയും ബാധിക്കാൻ ഇടയായി എന്നത് ഖേദകരമാണ്. ബ്രദർ സോളമൻ രാജും ഞാനും ആഫീസിലെ പ്രവൃത്തി സമയമൊഴിച്ചുള്ള സമയങ്ങൾ മിക്കവാറും ഈ റീഡിംഗ് റൂമിൽ ചെലവഴിച്ചു. മറ്റു സമയങ്ങളിൽ അവിടെ ഇരിക്കുവാൻ ഒരു ഗ്രാമീണ ബാലനെ ചുമതലപ്പെടുത്തി. പ്രഭുദാസ് എന്ന ഈ ബാലൻ ആത്മീയമായി വളരുവാൻ ഇടയായി. ഐ.ടി.ഐ. വിദ്യാഭ്യാസം കഴിഞ്ഞ് ബാംഗ്ളൂർ എച്ച്.എ.എൽ. ൽ മെക്കാനിക്കായി ഒരു ജോലി കിട്ടി. ഹെലികോപ്ടർ മെക്കാനിക്കായി ജോലി ചെയ്യുമ്പോൾ മുഖ്യമന്ത്രി മുതലായി പല പ്രമുഖ നേതാക്കളുമായി പരിചയപ്പെടുന്നതിന് സന്ദർഭങ്ങൾ ലഭിച്ചു. അവർക്കെല്ലാം ബൈബിൾ കൊടുക്കുവാൻ പ്രഭുദാസിന് അവസരമുണ്ടായി. ജോലിയിൽ നിന്നും വിരമിച്ച് ബാംഗ്ലൂരിലെ ഒരു തെലുങ്കു സഭയുടെ ചുമതലക്കാരനാണ് പ്രഭുദാസ്. അല്പമാം ഉപകരണം കൊണ്ട് നല്പ്പെഴുന്ന മഹത്തായ വേലകൾ ചെയ്യുന്ന ശില്പിൾക്കുടയവനു മഹത്വം.

പട്ടണങ്ങളിൽ വളരെ ഫലപ്രദമായി ചെയ്യാവുന്ന ഒരു സുവിശേഷ പ്രവർത്തനമാണ് ലൈബ്രറി ആന്റ് റീഡിംഗ് റൂം എന്ന കാര്യം ഇവിടെ ഓർമ്മപ്പെടുത്തുന്നതിൽ സന്തോഷമുണ്ട്. അതിന്റെ പ്രയോജനം ധാരാളമായി അനുഭവിച്ചറിയാൻ എനിക്ക് ഇടയായി. ആത്മിക വർധനയ്ക്ക് ഉതകുന്ന പുസ്തകങ്ങളുടെ നല്ലയൊരു ശേഖരമുണ്ടായിരുന്നാൽ അത് ഭാവി തലമുറയ്ക്കും വളരെ പ്രയോജനപ്പെടും എന്നതിന് സംശയമില്ല. കുറെ നല്ല മാസികകളും ദിനപത്രങ്ങളും ഉണ്ടെങ്കിൽ പല അവിശ്വാസികളെയും അന്യമതസ്ഥരെയും ആകർഷിക്കുവാൻ കഴിയും. വിശ്വാസികൾക്ക് കൂട്ടായ്മയുടെ മാധുര്യം അനുഭവിക്കാനും ഇടയാകും.

ഗ്രാമങ്ങളിൽ പോയി സുവിശേഷമറിയിക്കണം എന്നത് ഞങ്ങളുടെ വലിയ ഹൃദയഭാരം ആയിരുന്നു. അനന്തപൂർ സഭയിൽ നിന്നും പല സഹോദരന്മാർ ചേർന്ന് ഗ്രാമങ്ങളിലേക്ക് സൈക്കിളിൽ പോയി സുവിശേഷമറിയിക്കുക പതിവായിരുന്നു. അക്കൂട്ടത്തിൽ നേരിൽ കണ്ട ഒരു കാര്യം ഇവിടെ രേഖപ്പെടുത്തട്ടെ. ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് 15-ഓളം കി.മീ. അകലെ സൈക്കിളിൽ ഒരു ഗ്രാമത്തിൽ പോയി. അവിടെ കണ്ട കാഴ്ച ഞങ്ങളെ അത്ഭുതപ്പെടുത്തി. തദ്ദേശീയനായ ഒരു റെഡ്ഡി കുറെ നാളുകളായി ആ ഗ്രാമത്തിൽ താമസിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ആ ഗ്രാമവാസികളെ മുഴുവൻ സുവിശേഷത്തിനായി സ്വാധീനിക്കുവാൻ തനിക്ക് കഴിഞ്ഞു. ഗ്രാമീണരുടെ കുട്ടികളെ അക്ഷരാഭ്യാസം ചെയ്യുവാനും അങ്ങനെ മുഴുവൻ ഗ്രാമത്തിന്റെയും വിശ്വാസം ആർജ്ജിക്കുവാനും തനിക്ക് സാധിച്ചു. ഫലകരമായ ഗ്രാമീണ സുവിശേഷീകരണത്തിന്റെ ഒരു നല്ല ദൃഷ്ടാന്തമായി ഈ ഗ്രാമത്തെ കാണുവാൻ കഴിഞ്ഞു.

ചുറ്റുപാടുമുള്ള പല ഗ്രാമങ്ങളിലും പോയി സുവിശേഷമറിയിക്കുമായിരുന്നു. എങ്കിലും ഒരു ഗ്രാമത്തിലും സഭാരൂപീകരണം നടന്നിട്ടില്ലായിരുന്നു. തുടർച്ചയായി കേന്ദ്രീകരിച്ച് പ്രവർത്തിച്ചെങ്കിലേ സഭാരൂപീകരണം സാധിക്കുകയുള്ളു എന്ന ബോധ്യം ഞങ്ങൾക്കുണ്ടായി. അങ്ങനെ അനന്തപൂർ പട്ടണത്തിൽ നിന്നും ഏകദേശം 12 കി.മീ. അകലെ ഒരു ഗ്രാമം തെരഞ്ഞെടുത്ത് അവിടെ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് സോളമൻ രാജും ഞാനും സാം രാജ് എന്ന സഹോദരനും ഒരുമിച്ച് ആ ഗ്രാമത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. അവിടുത്തെ പ്രവർത്തനത്തെ കർത്താവ് അനുഗ്രഹിച്ചു. അവിടെ നടന്ന അത്ഭുത കാര്യങ്ങളെ പറ്റി അടുത്തതിൽ.

---

➢ 3-ാം പേജിൽ നിന്നും തുടർച്ച

നമുക്ക് തോന്നിയേക്കും. പക്ഷേ ദൈവത്തിന്റെ ആലോചനകൾ അല്ല നമ്മുടെ ആലോചനകൾ എന്ന് ഓർത്തിരിക്കേണ്ടതാണ്. ദൈവം ഒരുവനെ ഒരുക്കുമ്പോൾ അവന്റെ ദൈവത്വത്തിന് അനുസരണമായി, അവന്റെ അതിവിശുദ്ധസേവനത്തിനനുയോജ്യമായ വിധത്തിലാണ് അവൻ ഒരുക്കുന്നത്. ഒരു പുതിയ ദാസനെ, ഒരു പുതുശിഷ്യനെ ദൈവം തന്റെ വേലയ്ക്കായി നിയോഗിക്കുകയില്ല. ക്രിസ്തുവിന്റെ ദാസന്, അവൻ പരസ്യ ശുശ്രൂഷയ്ക്ക് അർഹനാകുന്നതിനു മുമ്പ് രഹസ്യത്തിൽ ഒട്ടനേക പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. അനേകപോരാട്ടങ്ങളിൽ വിജയിക്കേണ്ടതുമുണ്ട്. പ്രാകൃത ഹൃദയത്തിന് രുചിക്കുന്നവയല്ല ഈ പാഠ്യപദ്ധതി. രഹസ്യാഭ്യസനങ്ങൾ ഒന്നും അതിന് വേണ്ട. ദൈവസന്നിധിയിൽ ഇരുന്ന് ദൈവവചനം ധ്യാനിക്കുന്നതിനോ, പഠിക്കുന്നതിനോ, ചിന്തിക്കുന്നതിനോ ഒട്ടും സമയമില്ല. പ്രാർത്ഥനയിൽ തന്റെ ശുശ്രൂഷയേയും അതിൽ കൂടെ ജനത്തിന് ലഭിക്കേണ്ട അനുഗ്രഹത്തെയും പറ്റിയും സമർപ്പിച്ചും പ്രാർത്ഥിക്കുന്നതിനും സമയമില്ല. എപ്പോഴും പ്രവർത്തനരംഗത്തായതിനാൽ സദാസമയവും ഓട്ടമാണ്. രാവിലെ ഒരു സ്ഥലത്തെ പ്രവർത്തനത്തിന് ഓടി എങ്കിൽ, വൈകുന്നേരം മറ്റൊരു സ്ഥലത്തേക്കുള്ള ഓട്ടമാണ്. പിന്നീടു എവിടെയാണ് സമയം? ഇത് ദൈവത്തിന്റെ പാഠശാലയിലെ പഠനക്രമമല്ല, മറ്റുള്ളവർ കാണുന്നതും അഭിനന്ദിക്കുന്നതുമായ ഒരു പ്രവർത്തനശൈലിയാണ് അത്. പ്രാകൃതസ്വഭാവം പ്രവർത്തനവേദിയിലേക്ക് ഓടി കയറിയേക്കാം; പക്ഷേ ദൈവത്തിന് അപ്രകാരമുള്ള ഒരു പ്രവർത്തനശൈലി അല്ല ആവശ്യം. അതിനെ മരിപ്പിച്ചു മാറ്റിയേ മതിയാകൂ. ആ സ്വഭാവം മരിക്കാൻ കൂട്ടാക്കുന്നില്ല എങ്കിൽ ദൈവം അതിനെ മരിപ്പിക്കും. അതിന്റെ പ്രവർത്തനങ്ങൾ തന്നെ അതിന്റെ പരാജയത്തിലും കുഴച്ചിലിലും പതനത്തിനും മുഖാന്തരമാകുമാറ് ദൈവം തന്റെ തികഞ്ഞ ജ്ഞാനത്തിലും, വിശ്വസ്തതയിലും കാര്യങ്ങളെ ക്രമീകരിക്കും. അതിനെ എവിടെ നിറുത്തണമെന്നും എവിടെയാണ് അതിന്റെ ശരിയായ സ്ഥാനം എന്നും, എത്രത്തോളം അതിന് പ്രവർത്തനാനുവാദം കൊടുക്കണമെന്നും ദൈവത്തിനറിയാം. മോശെയെപ്പോലെ പ്രവർത്തനരംഗത്തേക്ക് ചാടിക്കയറുന്നതിന് മുമ്പായി, തത്സംബന്ധമായ എല്ലാകാര്യങ്ങളേയും പറ്റി ദൈവവുമായി ആഴമേറിയ കൂട്ടായ്മ പുലർത്തി, അവന്റെ ആലോചനകളെ അറിയുവാൻ നമുക്കു കഴിഞ്ഞിരുന്നു എങ്കിൽ! അങ്ങനെയെങ്കിൽ നമ്മുടെ തെറ്റുകൾ തീർച്ചയായും കുറഞ്ഞു കുറഞ്ഞുതന്നെ വരും. മനുഷ്യോന്മുഖമായ നമ്മുടെ പ്രവർത്തനത്തിന്റെ ഗതിവിഗതി മാറി, അത് സ്വർഗോൻമുഖമാകും. നമ്മുടെ പാത ഉറപ്പുള്ളതും, ശുശ്രൂഷകൾ ഫലവത്തായി തീരുകയും ചെയ്യും.

**സമയത്തിനു മുമ്പേ ഓടിയ മോശെയുടെ പ്രവർത്തനം പരാജയത്തിൽ കലാശിച്ചു. തന്നെയുമല്ല ദൈവത്തിന്റെ തക്കസമയത്തിനു മുമ്പേ ഒരുവൻ സ്വാഭിപ്രായപ്രകാരം ആരംഭിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതിയിൽ അവശ്യം വെളിപ്പെടുന്ന അനിശ്ചിതത്വവും, ഭയവും വീർപ്പുമുട്ടലും ഇവിടെ മോശെയിൽ പ്രകടമായി നാം കാണുന്നു.**

പ്രിയരേ എത്രയോ അർത്ഥവത്തായ ഒരു കോറസ് ആണ് നാം പല ശുശ്രൂഷാ രംഗത്തും പ്രത്യേകിച്ച് വിവാഹ വേദിയിലും കേട്ടിട്ടുള്ളത്. "In His time, in His time, He makes everything beautiful in His time, Lord, please show me every day, As you are teaching me your way. That you do just what you say, in your time." ദൈവത്തിന്റെ സമയത്തിനായി നാം കാത്തിരിക്കേണ്ട ആവശ്യമുണ്ട്. അപ്പോൾ കാര്യങ്ങൾ ഭംഗിയായി തീരും.

സമയത്തിനു മുമ്പേ ഓടിയ മോശെയുടെ പ്രവർത്തനം പരാജയത്തിൽ കലാശിച്ചു. തന്നെയുമല്ല ദൈവത്തിന്റെ തക്കസമയത്തിനു മുമ്പേ ഒരുവൻ സ്വാഭിപ്രായപ്രകാരം ആരംഭിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതിയിൽ അവശ്യം വെളിപ്പെടുന്ന അനിശ്ചിതത്വവും, ഭയവും വീർപ്പുമുട്ടലും ഇവിടെ മോശെയിൽ പ്രകടമായി നാം കാണുന്നു. മോശെ "അങ്ങോട്ടും ഇങ്ങോട്ടും നോക്കി" ദൈവത്തിനുവേണ്ടി, ദൈവത്തോടുകൂടെ, ദൈവത്തിന്റെ ഹൃദയാഭിലാഷം വേണ്ടവണ്ണം ഗ്രഹിച്ച്, ഒരുവൻ പ്രവർത്തിക്കുമ്പോൾ, അവൻ "അങ്ങോട്ടും ഇങ്ങോട്ടും" നോക്കേണ്ട ആവശ്യം ഉണ്ടാകയില്ല. ദൈവത്തിന്റെ സമയം വാസ്തവമായും അപ്പോൾ സമാഗതമായിരുന്നെങ്കിൽ മിസ്രയീമ്യനു മേൽ ദൈവന്യായവിധി നടത്തുവാൻ ദൈവം തന്നെ നിയോഗിച്ചു എന്ന് മോശെയുടെ ഹൃദയത്തിൽ അവൻ ബോധവാനായിരുന്നു എങ്കിൽ, ദൈവസാന്നിധ്യം തന്നോടു കൂടെയുണ്ട് എന്നുള്ള ഉറപ്പ് ഉണ്ടായിരുന്നു എങ്കിൽ അവൻ "അങ്ങോട്ടും ഇങ്ങോട്ടും" നോക്കുകയില്ലായിരുന്നു.

ഇന്ന് സ്ഥലം സഭകളിൽ നേതൃത്വസ്ഥാനങ്ങളിലേക്ക് കയറിപ്പറ്റാൻ വ്യഗ്രത കാണിക്കുന്നവരും, സഭയിൽ ഒന്നാമനാകാൻ ശ്രമിച്ചുകൊണ്ട് മറ്റു സഹമൂപ്പന്മാരെ അവരുടെ പ്രായത്തെപ്പോലും മറന്നുകൊണ്ട് തങ്ങളുടെ നാവാകുന്ന "മൂർച്ചയേറിയ വാൾ" കൊണ്ട് കൂടെ കൂടെ വെട്ടി മുറിവേല്പിച്ച് അവരെ ശുശ്രൂഷാരംഗത്തു നിന്ന് മാറ്റുവാനോ, തളർത്തിക്കളയുവാനോ ശ്രമിക്കുന്നു. നാം മോശെയിൽ നിന്നു പഠിച്ചതുപോലെ, ഈ വക പ്രവർത്തനങ്ങൾ മൂലം സഭയെ വളർത്തുകയല്ല, സഭാംഗങ്ങളെ തളർത്തുകയാണ് ചെയ്യുന്നതെന്ന്. ആത്മീയമായ വരൾച്ചയല്ലേ സ്ഥലം സഭകളിൽ കാണുന്നത്? പ്രാർത്ഥനയ്ക്കായി എത്ര പേർ കടന്നു വരുന്നു? വചന പഠനത്തിനായി എത്ര പേർ കടന്നു വരുന്നു? ശുശ്രൂഷകളിൽ പങ്കെടുത്തുകൊണ്ടിരുന്ന അനേകരുടെ ശബ്ദം ഇന്നു കേൾക്കാതിരിക്കുന്നതെന്തുകൊണ്ട്?

എല്ലാ ദൈവദാസന്മാർക്കും ആവശ്യമായ ഒരു അത്യഗാധ പ്രായോഗിക പാഠമാണ് ഈ പ്രവൃത്തി (സമയത്തിനു മുൻപേയുള്ള അവന്റെ പ്രവൃത്തി) പ്രദാനം ചെയ്യുന്നത്. മനുഷ്യന്റെ ക്രോധത്തെപ്പറ്റിയുള്ള ഭയം, മനുഷ്യന്റെ പ്രീതി ആർജ്ജിക്കുവാനുള്ള ആവേശം എന്നീ രണ്ടു കാര്യങ്ങളാണ് ഈ പാഠത്തിൽ മുന്നിട്ടുനിൽക്കുന്നത്. ഇവ രണ്ടും ജീവനുള്ള ദൈവത്തിന്റെ വേലക്കാർക്ക് ഒരു പോലെ നിഷിദ്ധവുമാണ്. മനുഷ്യന്റെ ക്രോധത്തെ ഭയന്നോ, അവന്റെ പ്രീതി നേടുന്നതിനോ, ഒന്നാമനാകാനുള്ള വ്യഗ്രതയിൽ നാം ചുറ്റുപാടുകളിലേക്ക് നോക്കുന്നു എങ്കിൽ, നമ്മിൽ എവിടെയോ, എന്തോ തകരാറുണ്ട് എന്ന് തീർച്ചയാക്കാവുന്നതാണ്. ദൈവസേവയുടെ യഥാർത്ഥ പാതയിൽ നിന്നും നാം വ്യതിചലിച്ചുപോയി എന്നു തന്നെ. സ്വർഗ്ഗീയ നിയോഗാനുസൃതമാണ് നാം പ്രവർത്തിക്കുന്നത് എന്ന നിശ്ചയബോധ്യമോ, ദൈവസാന്നിധ്യബോധമോ നമ്മിലില്ല എന്നതാണ് അതു കാണിക്കുന്നത്. ഇവ രണ്ടും നമുക്ക് തീർത്തും അനുപേക്ഷണീയമാണുതാനും.

മുകളിൽ കുറിച്ചിരിക്കുന്ന ഗലാ 1:1 ൽ തന്റെ അപ്പൊസ്തലത്വത്തെപ്പറ്റി പറയുന്ന പൗലോസിനെ നാം കാണുന്നു. ആ പദവി തനിക്ക് എപ്പോൾ എങ്ങനെ ലഭിച്ചു എന്ന് അവൻ നന്നായി അറിഞ്ഞിരുന്നു. അതിൽ അഭിമാനം കൊള്ളുന്നവനുമായിരുന്നു. അവൻ അതിനെപ്പറ്റി ചോദ്യം ചെയ്തവർക്ക് മറുപടിയായി തന്റെ ശുശ്രൂഷയാൽ രക്ഷയിലേക്ക് വന്ന ഒട്ടനേകരെ കൊരിന്തിൽ നിന്നു തന്നെ അവന് ചൂണ്ടിക്കാണിപ്പാനുണ്ടായിരുന്നു. തന്റെ നാവിന്റെ നന്മയല്ല, തന്നിൽ വ്യാപരിച്ചവന്റെ ശക്തി നിമിത്തമായിരുന്നു എല്ലാം എന്ന് തന്നെപ്പറ്റിയും, തന്റെ ശുശ്രൂഷയെപ്പറ്റിയും തീർത്തു പറവാൻ അവന് കഴിഞ്ഞു. തന്നിൽ വ്യാപരിച്ച ദൈവകൃപയെപ്പറ്റി അവന്റെ സ്വന്ത സാക്ഷ്യമായിരുന്നു അത്.

ഇപ്രകാരമത്രേ ഓരോ കർത്തൃദാസനെ സംബന്ധിച്ചും അവനിൽ, അവന്റെ വേലയിൽ, ദൈവാത്മ ശക്തിയുടെ വ്യാപാരമുണ്ടോ എന്നാണ് നാം നോക്കേണ്ടത്. വെറും സ്ഥാനമാനങ്ങളല്ല പിന്നെയോ

➢➢➢

# ബൈബിൾ ക്വിസ് -57

## 1 രാജാക്കന്മാർ

1. ശലോമോനെ രാജാവായി അഭിഷേകം ചെയ്തതെവിടെ വെച്ച്?
2. ശലോമോനെ പേടിച്ച് യെരോബെയാം ഓടിപ്പോയത് എവിടേയ്ക്ക്?
3. "ഇപ്പോൾ മതി യഹോവേ എന്റെ പ്രാണനെ എടുത്തു കൊള്ളേണമെ" എന്നു പറഞ്ഞതാര്?
4. യഹോവ ശലോമോന് സ്വപ്നത്തിൽ പ്രത്യക്ഷനായി വരം ചോദിച്ചു കൊൾവാൻ അരുളിച്ചെയ്തതെവിടെ വെച്ച്?
5. ശലോമോൻ പണികഴിപ്പിച്ച വാർപ്പുകടൽ എത്ര കാളയുടെ പുറത്താണ് വെച്ചിരുന്നത്?
6. ശലോമോനു കുതിരകളെ കൊണ്ടു വന്നതെവിടെ നിന്ന്?
7. കാലിൽ ദീനം പിടിച്ച രാജാവാര്?
8. യെഹോരാം വാഴ്ച തുടങ്ങിയപ്പോൾ അവന് എത്ര വയസ്സായിരുന്നു?
9. "എന്റെ ശത്രുവേ, നീ എന്നെ കണ്ടെത്തിയോ" ആര് ആരോടു പറഞ്ഞു?
10. ജീവനുള്ള കുഞ്ഞിനെ പിളർക്കാൻ കല്പിച്ചതെന്ത്?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ബൈബിൾ ക്വിസ് 54 – ശരിയുത്തരങ്ങൾ :** 1. ശെബാരാജ്ഞി (10:1) 2. അബീശഗ് (1:3) 3. മൂന്നു പ്രാവശ്യം (18:33–35) 4. നാബോത്ത്(21:4) 5. ദേവദാരു (6:20) 6. 120 താലന്ത് (10:10) 7. മയഖാ (15:13) 8. സാരെഫാത്തിലെ വിധവയുടെ മകനെ(17:22) 9. ഏലിയാവ് സാരെഫാത്തിലെ വിധവയോട് (17:13) 10. അബീശഗിനെ കിട്ടുവാൻ ശ്രമിച്ചതിനാൽ(2:13–25).

## ഹ്രസ്വകാല ബൈബിൾ കോഴ്സ്

**പത്തനംതിട്ട:** സുവിശേഷകന്മാർ, സഭാ ശുശ്രൂഷകർ, സുവിശേഷ തൽപരരായ യുവസഹോദരന്മാർ എന്നിവർക്കുവേണ്ടി ബി.ബി.ഐ. നടത്തുന്ന ഹ്രസ്വകാലബൈബിൾ കോഴ്സിന്റെ മൂന്നാമത് ബാച്ച് പത്തനംതിട്ട ഗോസ്പൽ ഹാളിൽ ആരംഭിച്ചിരിക്കുന്നു. മാസം തോറും രണ്ടാം ആഴ്ചയിൽ ആരംഭിക്കുന്ന ഈ കോഴ്സ് ആത്മീയ താൽപര്യം ഉളവാക്കുന്നു. പ്രേഷിത ശുശ്രൂഷയിൽ പുതിയ മാർഗ്ഗനിർദ്ദേശങ്ങളും, ഉപദേശത്തിൽ നിശ്ചയവും നൽകുന്നു. ചേർന്നു പഠിക്കാൻ താൽപര്യമുള്ളവർ ഓരോ മാസത്തിന്റെയും ഒടുവിലത്തെ ആഴ്ചയിൽ കിട്ടത്തക്ക വണ്ണം അപേക്ഷ അയക്കേണ്ടതുണ്ട്. പ്രായപരിധിയില്ല. ഓരോ കോഴ്സിലും പഠനവിഷയത്തിൽ മാറ്റം വരുന്നതിനാൽ വീണ്ടും അപേക്ഷിച്ചു പുതിയ കോഴ്സിനു ചേരാവുന്നതാണ്. പരിചയസമ്പന്നരും പ്രഗത്ഭരുമായ ദൈവദാസന്മാർ ക്ലാസ്സുകൾ നയിക്കുന്നു.

സെക്രട്ടറി

## വൈ.എം.ഇ.എഫ്. ശബരിമാങ്കൽ സെന്ററിന് പുതിയ ഭാരവാഹികൾ

**ശബരിമാങ്കൽ:** സെന്റർ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. മാസത്തിൽ ഒന്നും മൂന്നും ശനിയാഴ്ചകളിൽ ഏകദിന പ്രവർത്തനങ്ങളും, മറ്റു പ്രവർത്തനങ്ങളായി പരസ്യയോഗങ്ങളും സുവിശേഷ ക്യാമ്പുകളും നടത്തിവരുന്നു. 2014 മാർച്ച് 16-നു കൂടിയ മീറ്റിംഗിൽ വച്ച് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരെഞ്ഞെടുത്തു. പ്രസിഡന്റ് – അലക്സാണ്ടർ ജോൺ മർക്കപ്പുഴ, സെക്രട്ടറി- ബിനോഷ് ജോൺ മുക്കട, ട്രഷറാർ-ഇ.എം.ചെറിയാൻ കുമ്പകുളം, വൈസ് പ്രസിഡന്റ്– എം. എൽ. ജോൺ തെള്ളിയൂർ, ജോയിന്റ് സെക്രട്ടറിമാർ- പി.ജി. ജോസ് ഉന്നത്താനി, കെ.എസ്. മർക്കോസ് കരിക്കാട്. തുടർന്നുള്ള പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കേണമെ.

ഈട്ടിക്കൽ കുഞ്ഞുമോൻ (മുൻ സെക്രട്ടറി)

## സുവിശേഷയോഗങ്ങൾ

**മണ്ണാരക്കുളഞ്ഞി:** ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2015 ജനുവരി 19 തിങ്കൾ മുതൽ 24 ശനിവരെ എല്ലാ ദിവസവും വൈകിട്ട് 6.00 മുതൽ 8.30 വരെ മണ്ണാരക്കുളഞ്ഞി ചന്തയിൽ തയ്യാർ ചെയ്യുന്ന പന്തലിൽ വച്ച് സുവിശേഷയോഗങ്ങൾ നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. 23-01- 2015 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 വരെ എസ്.ബി.എസ്. പത്തനംതിട്ട സെന്റർ ഏകദിന സമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു. സഭയുടെ വിലാസം: Abraham C. Sam, Chirakadavil House, Mannarakulanji P.O., Pathanamthitta- 689 678 Ph: No. 9447269090

*ഏബ്രഹാം സി. സാം*

## പ്രാർത്ഥനയ്ക്ക്

**കുറുപ്പള്ളി:** ക്രിസ്റ്റ്യൻ ബ്രദറൺ സഭയിലെ സഹോദരൻ പി.ജി. സാജുവിന്റെ 8 മാസം പ്രായമുള്ള കുഞ്ഞ് നഥനയേലിന് ഉദരസംബന്ധമായ ഒരു രോഗം മൂലം കഴിഞ്ഞ മെയ് 19-ന് കോട്ടയം കുട്ടികളുടെ മെഡിക്കൽ കോളേജിൽ ഒരു അടിയന്തര ശസ്ത്രക്രിയ നടത്തേണ്ടി വന്നിരുന്നു. ഈ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ടെസ്റ്റുകൾ നടത്തിയപ്പോൾ കുഞ്ഞിന്റെ ഹൃദയത്തിന് ഗുരുതരമായ ചില പ്രശ്നങ്ങൾ കണ്ടെത്തുകയും വിശദമായ പരിശോധനകളിൽ, ഹൃദയത്തിന് ദ്വാരവും വാൽവു ചുരുങ്ങുന്ന പ്രശ്നവും ആണെന്ന് സ്ഥിരീകരിച്ചു. ജൂലൈ 15-ന് നടത്തിയ വിദഗ്ധ പരിശോധനകൾ പ്രകാരം, ആഗസ്റ്റ് മാസം കോട്ടയം മെഡിക്കൽ കോളേജിൽ ഈ കുഞ്ഞിനെ ഒരു മേജർ ഓപ്പറേഷന് വിധേയമാക്കുകയാണ്. കുഞ്ഞിന്റെ സൗഖ്യത്തിനായി ദൈവജനം ശ്രദ്ധയോടെ പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

കെ.സി. സാബു (9746101039)

**കട്ടപ്പന:** ബ്രദറൺ അസംബ്ലി സഭാംഗമായ സഹോ. ജോസഫ് മാധവൻ സ്ട്രോക്ക് മൂലം ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജിൽ അഡ്മിറ്റായിരിക്കുന്നു. സഹോദരന്റെ പൂർണ്ണ വിടുതലിനായി ദൈവജനം പ്രാർത്ഥിക്കുക.

തോമസ് മാത്യു

**മുതുകുളം:** ബ്രദറൺ സഭാംഗമായ രമാഭായി (78) കാൻസർ രോഗത്തിന് ചികിത്സയിൽ കഴിയുന്നു. വിടുതലിനായി ദൈവജനം പ്രാർത്ഥിക്കുക.

എസ്. രാജേന്ദ്രൻ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഭിവാനി (ഹരിയാന):** ഇവിടുത്തെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. ഈ മാസം നടന്ന സ്നാനശുശ്രൂഷയിൽ ഇവിടുത്തുകാരായ 4 സഹോദരങ്ങൾ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. അവരുടെ നിലനില്പിനും ഇവിടുത്തെ പ്രവർത്തനങ്ങൾക്കുമായി പ്രാർത്ഥിക്കുക.

ഭിവാനിയിൽ അനേകം സ്ഥലങ്ങളിൽ പുതിയ പ്രവർത്തന സാധ്യതകൾ ഉണ്ട്. പ്രാർത്ഥിക്കുക. ഇപ്പോൾ വാടക വീട്ടിലാണ് ആരാധന നടക്കുന്നത്. സ്ഥല പരിമിതിയുണ്ട്. വാടകയും കൂടുതലാണ്. സ്വന്തമായി ഒരു ആരാധനാലയത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു. എത്രയും പെട്ടെന്ന് ഒരു സഭാഹാളുണ്ടാകുവാൻ പ്രാർത്ഥിക്കുക.

K.K. Thankachan (Evg), P.O.Box No. 13, Bhiwani, Haryana-127 021, Resi. 1664-251229, (M) 9416856229, Mob: 9416523126, 9034748106. Email: kkt.bhiwani@gmail.com


# മഹത്വത്തിൽ



**പള്ളിപ്പാട്:** മഠത്തിൽ പരേതനായ ഐപ്പ് ഗീവർഗീസിന്റെ സഹധർമ്മിണി **ദീനാമ്മ (90)** ജൂലൈ 17 -ന് പ്രത്യാശയുടെ തീരത്തേക്ക് മാറ്റപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 20-ന് പള്ളിപ്പാട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനംതിട്ട:** സുവിശേഷകൻ ബിനു ശാമുവേലിന്റെ പിതാവ് **ഒ.റ്റി. ശാമുവേൽ (72)** ജൂലൈ 18 -ന് കർത്തൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 21-ന് സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** റാന്നി സീയോൻകുന്ന് ബ്രദറൺ സഭാംഗമായിരുന്ന വല്യപറമ്പിൽ **വി.റ്റി. തോമസ് (86)** ജൂലൈ 25-ന് താൻ പ്രിയം വച്ചിരുന്ന പ്രത്യാശയുടെ തീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം 29-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** മണ്ണാരത്തറ മരുതിക്കാട്ടിൽ **എം.റ്റി. ജോർജ്ജ് (57)** ജൂലൈ 7-ന് താൻ പ്രിയം വച്ചിരുന്ന പ്രത്യാശയുടെ തീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 14-ന് മണ്ണാരത്തറ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

**തൃക്കൈകുത്ത് (മലപ്പുറം):** തൃക്കൈകുത്ത് ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളായിരുന്ന **വെങ്ങാലിൽ അബ്രഹാം തോമസ് (78)** ജൂലൈ 1-ാം തീയതി തന്റെ പ്രത്യാശയായിരുന്ന മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 3-ന് തൃക്കൈകുത്ത് ബ്രദറൺ സഭാസെമിത്തേരിയിൽ അനേക വിശ്വാസികളുടെയും ബന്ധുജനങ്ങളുടെയും സാന്നിധ്യത്തിൽ സംസ്കരിച്ചു. പ്രിയ പിതാവിന്റെ 9 മക്കളിൽ 2 പേർ സുവിശേഷകന്മാരാണ് (ജോർജ്ജ് തോമസ്, ഗോഡ്‌ലി തോമസ്). ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

**മിഷിഗൻ:** ബഥനി ബൈബിൾ ചാപ്പൽ അംഗമായ **പീറ്റർ പി. മംഗലത്ത് (70)** ജൂലൈ 23-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസവിധത്തിലേക്ക് മാറ്റപ്പെട്ടു. അനേക വിശുദ്ധന്മാരുടെ സാന്നിധ്യത്തിൽ ജൂലൈ 26-ന് ഭൗതിക ശരീരം സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ചാർച്ചക്കാരെയും പ്രാർത്ഥനയിൽ ഓർക്കുക.

**തൃശ്ശൂർ:** കിഴക്കേകോട്ട സഭാംഗമായ **ഇ. ലോനപ്പൻ (85)** ജൂലൈ 11 ന് നിത്യതീരത്തേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം ജൂലൈ 15-ന് സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**പൂയപ്പള്ളി (കൊല്ലം):** ബ്രദറൺ സഭാംഗമായ **ജി. ബേബി** (ജോസ് ഭവൻ, ചെങ്കുളം) ജൂലൈ 19-ന് പ്രത്യാശയുടെ തീരത്തേക്കു മാറ്റപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 22-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

## സുവിശേഷ വേലയ്ക്ക് വേർതിരിഞ്ഞു

**തിരുവനന്തപുരം:** ശാന്തിപുരം ബ്രദറൺ സഭയിൽ നിന്നും അറിയിക്കുന്നത്. ഈ സ്ഥലം സഭയിലുള്ള സഹോദരൻ ബി. രാജേഷ് 30 വർഷങ്ങൾക്കുമുമ്പ് സി.എസ്.ഐ. പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെടുകയും സ്നാനപ്പെട്ട് വേർതിരിഞ്ഞ് ശാന്തിപുരം ബ്രദറൺ സഭയോടു ചേർന്നു. സജീവമായ സഭാബന്ധത്തിൽ തുടർന്നു കൊണ്ട് ദൈവത്തെ ആരാധിക്കുകയും സുവിശേഷപ്രവർത്തനങ്ങളിൽ സഹകരിച്ചും കൊണ്ടിരുന്നു. മൂന്നു വർഷംമുമ്പ് പൂർണ്ണ സമയവേലയ്ക്കായി കർത്താവു വിളിക്കുന്നു എന്ന് വ്യക്തമായി മനസ്സിലായപ്പോൾ താൻ ചെയ്തുകൊണ്ടിരുന്ന ഡ്രൈവിംഗ് ജോലി ഉപേക്ഷിച്ച് പൂർണ്ണമായും സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞ് സഭയോടു ചേർന്ന് പ്രവർത്തിച്ചു കൊണ്ടിരുന്നു. സഹോദരന്റെ ദൈവവിളിയും പ്രവർത്തനവും സഭയ്ക്ക് ബോധ്യപ്പെട്ടതിനാൽ 16-03-2014-ൽ സഭാഹാളിൽ കൂടിയ യോഗത്തിൽ അനേകം സഹോദരീസഹോദരന്മാരുടെ മുമ്പാകെ സഹോദരനെ സുവിശേഷകനായി അംഗീകരിച്ചു കൊണ്ട് സഭ പ്രാർത്ഥിച്ച് സമർപ്പിച്ചു. ഇപ്പോൾ സഭയുടെ പ്രവർത്തനങ്ങളിലും കൂടാതെ മറ്റു സ്ഥലങ്ങളിൽ ചെന്നു കൂട്ടു സഹോദരന്മാരോട് ചേർന്നും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. തനിക്ക് ഭാര്യയും രണ്ടു പെൺമക്കളും ഉണ്ട്. സഹോദരനെ ഓർത്ത് പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിനായി ദൈവജനത്തിന്റെ മുമ്പാകെ പരിചയപ്പെടുത്തുന്നു. സഹോദരന്റെ വിലാസം: B.Rajesh, Bhouma Bhavanam, Mundukonam, Russal Puram P.O., Balaramapuram-695 501, TVM Kerala. Ph: 9495828393)

റ്റി.പി. കനകരാജ്, വി. മോഹനനൻ

➤➤➤

ആത്മീയ യാഥാർത്ഥ്യമാണ് അവനിൽ കാണേണ്ടതും പ്രകടമാകേണ്ടതും.

ഇൻഡ്യൻ പ്രഡിഡന്റിന്റെ നിയമന പ്രകാരമല്ലാതെ സ്വയം സൈനിക വേഷമണിഞ്ഞ് ഞാൻ ജനറലാണ് എന്ന് വിളിച്ചു പറയുന്നവനെ മൂഢനെന്നോ, ഭ്രാന്തനെന്നോ മാത്രമേ നാം ഗണിക്കുകയുള്ളല്ലോ. ആത്മീയ വരദാനങ്ങളുടെ കണികപോലുമോ, ദിവ്യനിയമനമോ, ദിവ്യാധികാരമോ ഇല്ലാതെ തന്നെ ക്രിസ്തുവിന്റെ ശുശ്രൂഷകനാക്കുന്നവന്റെ മൗഢ്യത്തെ കാണിക്കുന്ന ഒരു ലഘു ചിത്രീകരണമാണിത്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവത്രേ നമ്മുടെ മാതൃക. "ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത്" എന്നു തീർത്തും പറവാൻ കഴിഞ്ഞു. എപ്പോഴും തന്റെ പിതാവിന് പ്രസാദമുള്ളത് മാത്രമേ അവൻ ചെയ്തുള്ളൂ. തന്നിമിത്തം ഭയപ്പെടുവാനോ, പശ്ചാത്തപിക്കുവാനോ "അങ്ങോട്ടും ഇങ്ങോട്ടും നോക്കുവാനോ" അവന്റെ ലോകജീവിതത്തിൽ ഒരു സന്ദർഭം പോലും ഉണ്ടായിരുന്നില്ല. അവനത്രേ നമ്മുടെ മാതൃക!

## കെ.ഇ.എം. ഫണ്ട് മേഖലാ സമ്മേളനം തിരുവനന്തപുരത്ത്

**കുമ്പനാട്:** തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിൽ നിന്നും കെ.ഇ.എം.ഫണ്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന സുവിശേഷകന്മാരുടെ വിശേഷാൽ സമ്മേളനം തിരുവനന്തപുരം പട്ടം ബ്രദറൺ സഭാഹാളിൽ സ്ഥലം സഭയുടെ സഹകരണത്തിൽ 2014 ആഗസ്റ്റ് 16 ശനി രാവിലെ 10 മുതൽ 3.30 വരെ നടക്കുന്നതാണ് ഈ മേഖലകളിൽ കർത്തൃവേല ചെയ്യുന്ന സഹോദരന്മാരുടെ പ്രവർത്തന വിവരങ്ങളും അവർ നേരിടുന്ന പ്രത്യേക സാഹചര്യങ്ങളും പ്രസ്താവിക്കാനും പ്രാർത്ഥിപ്പാനുമായിട്ടാണ് ഈ സമ്മേളനം ക്രമീകരിച്ചിരിക്കുന്നത്. വചന ശുശ്രൂഷയും ഉണ്ടായിരിക്കും.

*പി.ഇ. സാംകുട്ടി, സെക്രട്ടറി*

## വൈ.എം.ഇ.എഫ്. കോട്ടയം സെന്ററിന്റെ പുതിയ ഭാരവാഹികൾ

പ്രസിഡന്റ് - ജോസഫ് പി. ചാക്കോ പാമ്പാടി, വൈസ് പ്രസിഡന്റ്- പോൾ തോമസ് കോട്ടയം, സെക്രട്ടറി- എബി റ്റി. ഐസക് ളാക്കോട്ടൂർ, ജോയിന്റ് സെക്രട്ടറി- ജോർജ്ജ് വി. മാത്യു അയ്മനം, ട്രഷറാർ- റ്റി.സി. വർഗീസ് കോത്തല

എബി റ്റി. ഐസക്

## കേരളത്തിലെ യുവ സഹോദരന്മാർക്കായി

വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റ് ഒരുക്കുന്ന

# യൂത്ത് ക്യാമ്പ്

**2014 ഒക്ടോബർ 1 ന് വൈകിട്ട് 4 മണി മുതൽ 4-ന് ഉച്ചയ്ക്ക് 1 വരെ**

*(പൂജാ അവധി ദിവസങ്ങളിൽ)*

**പ്രകൃതിരമണീയമായ പീച്ചിയിലെ ദർശന ക്യാമ്പ് സെന്ററിൽ വച്ച്.**

**ക്യാമ്പ് ലീഡേഴ്സ്; ജോസ് മാങ്കുടി, ജോൺ സാമുവൽ, റെജി കെ. തോമസ്**

നിബന്ധനകൾ:

1. കേളത്തിലെവിടെയുമുള്ള ബ്രദറൺ യുവ സഹോദരന്മാർക്ക് പങ്കെടുക്കാം.
2. അംഗങ്ങൾ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കണം.
3. പ്രായപരിധി 15 മുതൽ 35 വയസ്സുവരെയായിരിക്കും.
4. ക്യാമ്പ് ഫീസ്: ഒരാൾക്ക് ഉദ്ദേശം 1500 രൂപ ചെലവ് വരുമെങ്കിലും നിശ്ചിത ഫീസ് ഇല്ല. പ്രാപ്തി പോലെ നൽകുക.
5. പ്രവേശനം മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രം; രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി ബന്ധപ്പെടുക.

സ്റ്റാൻലി എബ്രഹാം- 9388281162

*email: stanly60@gmail.com*

## എസ്.ബി.എസ്. സൗത്ത് ഡിവിഷൻ സ്പെഷ്യൽ പ്രയർ മീറ്റിംഗ്

**റാന്നി:** എസ്.ബി.എസ്. സൗത്ത് ഡിവിഷന്റെ ചുമതലയിൽ അഞ്ചു വർഷത്തിനുശേഷം പുത്തൻ കാവ് ക്യാമ്പ് സെന്ററിൽ വച്ച് 2014 ഒക്ടോബർ 1 മുതൽ 4 വരെ നടത്തപ്പെടുന്ന ക്യാമ്പിനോട് അനുബന്ധിച്ചുള്ള പ്രാർത്ഥനാ കൂടിവരവ് ഓഗസ്റ്റ് 6 ബുധൻ വൈകിട്ട് 6 മുതൽ 8 വരെ ളാക്കാട്ടൂർ ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സഹോദരന്മാരും കടന്നുവന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബിജു വർഗീസ്, സെക്രട്ടറി
(9744521374)

## സുവിശേഷയോഗങ്ങൾ

**മൂവേരിക്കര മണ്ണംകോട്**
**2014 ആഗസ്റ്റ് 15,16,17**
**(വെള്ളി, ശനി, ഞായർ)**

**വൈകു.6.30 മുതൽ 9.00വരെ**

പ്രസംഗകർ:
**ബഞ്ചി ബാബു**
(കൊടുങ്ങല്ലൂർ)
**ജയിംസ് ശാമുവേൽ**
(തിരുവനന്തപുരം)
**എസ്.ജി. ഗിൽബർട്ട്**
(ആറാമട)

ഗാനശുശ്രൂഷ ഉണ്ടായിരിക്കും.

എൻ.എ. മാത്യു, ഷാൻ ജോർജ്ജ്

## ഏകദിന പ്രവർത്തനം

**ശബരിമാങ്കൽ:** എസ്.പി.എസ്. ഫണ്ടിനോടു ചേർന്ന് പ്രവർത്തിക്കുന്ന 27 സുവിശേഷകന്മാരും മൂന്നു സഹോദരന്മാരും പായിപ്പാടിനടുത്തുള്ള കൈതക്കോട്ട, പാമല എന്നീ സ്ഥലം സഭകൾ കേന്ദ്രീകരിച്ച് 9-07-2014 ൽ ഒരു ഏകദിന പ്രവർത്തനം നടത്തുവാൻ കർത്താവു സഹായിച്ചു. 73 ഭവനങ്ങളിൽ സുവിശേഷം അറിയിച്ചു. അനേകരുടെ കരങ്ങളിൽ സുവിശേഷ പ്രതികൾ എത്തിക്കുവാൻ സാധിച്ചു. 8 പേർ രക്ഷിക്കപ്പെട്ടു. 3 മണിക്ക് പായിപ്പാട് ജംഗ്ഷനിൽ പരസ്യയോഗവും നടത്തി. അനുധാവനപ്രവർത്തനം ചെയ്യുവാൻ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. ഈ പ്രവർത്തനങ്ങളെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

എം.കെ. കുഞ്ഞുമോൻ, സെക്രട്ടറി

## തൃശ്ശൂർ ഗോസ്പൽ ടീം കോട്ടയത്ത്

**തൃശ്ശൂർ:** തൃശ്ശൂർ ഗോസ്പൽ ടീമിന്റെ ജൂലൈ മാസത്തെ പ്രവർത്തനം 21 മുതൽ 27 വരെ കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നടന്നു. ഭവന സന്ദർശനം പരസ്യയോഗങ്ങൾ രാത്രി യോഗങ്ങൾ എന്നിവയാണ് ക്രമീകരിച്ചിരുന്നത്. ടീമിന്റെ പ്രവർത്തനത്തിന് ദൈവജനത്തിന്റെ ശ്രദ്ധയോടെയുള്ള പ്രാർത്ഥന തുടർന്നും ചോദിച്ചുകൊള്ളുന്നു. മെയ് മാസം പത്തനംതിട്ട ജില്ലയിൽ പ്രവർത്തനം നടത്തുവാൻ കർത്താവു സഹായിച്ചു.

ടിമ്മി ആഡംസ്, എ.ജെ. വാവച്ചൻ

## ഫ്രീഡം മ്യൂസിക് ഫെസ്റ്റ് 2014

**കോട്ടയം:** 2014 ആഗസ്റ്റ് 15 വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ 8 മണി വരെ കോട്ടയം മാമ്മൻമാപ്പിള ഹാളിൽ കോളേജ് വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ ബിസിനസ്സുകാർ എന്നിവർക്കായി ഒരു പ്രത്യേക സമ്മേളനം നടത്തുവാൻ ആഗ്രഹിക്കുന്നു. കോട്ടയത്തുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന സമ്മേളനത്തിൽ ബ്രദർ ജോൺ പി. തോമസ് സന്ദേശം നൽകുന്നതും പ്രശസ്തരായ ഗായകർ ഗാനങ്ങൾ ആലപിക്കുന്നതുമാണ്. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക.

*ജേക്കബ് കെ. മാത്യു (9447077603),*
*എബി ഐസക് (8086576524)*

## BENGAL BIBLE TRAINING INSTITUTE

**Jamtara (Jharkhand):** Begun in 1987 (started by late George Kurian, late A D Shenoy and Samuel Kurian), continuing to this day, BBTI equips young men to serve the Lord Jesus Christ in the work of the Gospel. So far more than 125 native youngsters and hundreds of new believers and sisters are trained in BBTI. In the present batch we have 16 students from 6 North Indian States.

*Santhosh Thomas*

## സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം കുളത്തൂപ്പുഴയിൽ

**കൊട്ടാരക്കര:** സുവിശേഷകന്മാരുടെ പ്രതിമാസ പ്രാർത്ഥനായോഗം ആഗസ്റ്റു മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ കുളത്തൂപ്പുഴ ബ്രദറൺ അസംബ്ലി ഹാളിൽ വച്ചു നടക്കുന്നതാണ്. കൊട്ടാരക്കര ബ്രദറൺ ഹാളിൽ വച്ചു നടക്കും എന്നറിയിച്ചതിൽ നിന്നും വ്യത്യസ്തമായി ഇങ്ങനെയൊരു മാറ്റം വന്നതു ശ്രദ്ധിക്കുമല്ലോ. കുളത്തൂപ്പുഴ വൈ.എം.സി.എ. ഹാളിനു സമീപമുള്ള ബ്രദറൺ ഹാളിൽ വച്ചാണ് മീറ്റിംഗ് നടക്കുന്നത്. കർത്തൃദാസന്മാർ പ്രാർത്ഥനാപൂർവ്വം വന്നു സംബന്ധിക്കുമല്ലോ.

സാം സഖറിയ (9447402139)

**ചിന്ത**

*റ്റി. വി. എസ്.*

## വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ് നമ്മുടെ ദൈവം

രാഷ്ട്രതലവന്മാർ, രാഷ്ട്രീയക്കാർ മുതലായവർ തങ്ങളുടെ പക്ഷത്ത് അണികളെ പിടിച്ചു നിറുത്തുവാൻ അനേക വാഗ്ദാനങ്ങൾ നാല്കാറുണ്ട്. എന്നാൽ ഈ വാഗ്ദാനങ്ങൾ പാലിക്കുവാൻ അവർ അശക്തരാണ്. അത് പൂർണ്ണമായി നിറവേറ്റുവാൻ അവർക്ക് കഴികയില്ല. ലോകത്തിലെ ഒരു നേതാവിനും ഇന്നു വരെ സാധിക്കാത്ത അനേക വാഗ്ദാനങ്ങൾ നല്കി ജനതയെ വഞ്ചിക്കയാണ്. പക്ഷെ ഈ വിവരങ്ങൾ ജനങ്ങൾക്കറിയാം-എങ്കിലും അതിന്റെ പിന്നാലെ ഓടുന്നവർ അനേകരാണ്. അവരുടെ നേതാവ് മൃത്യുവിന് ഇരയാകുമ്പോൾ ആ പ്രസ്ഥാനം നാമാവശേഷമാകുന്നു. എന്നാൽ ചില പ്രസ്ഥാനങ്ങൾ മറ്റൊരു നേതാവിനെ മുന്നിൽ കൊണ്ടുവന്ന് പഴയ ജോലി തുടരുന്നു. അവർ അനേക ഉറപ്പുകൾ നല്കുന്നു. ജോലിതരാമെന്ന്, വിദേശയാത്ര ശരിപ്പെടുത്താമെന്ന്, വിവാഹം നടത്താം എന്നും പറഞ്ഞ് ആളുകളെ വഞ്ചിക്കുന്ന സംഭവങ്ങൾ ഓരോ ദിവസവും വിവിധ മാധ്യങ്ങളിൽ കൂടെ നാം കാണുകയും വായിക്കുകയും ചെയ്യുന്നു. ചിലർ തുകയെഴുതാതെ വണ്ടിച്ചെക്ക് ഒപ്പിട്ട് കൊടുക്കുന്നു. അത് വിശ്വസിക്കുന്നവർ സമൂഹത്തിൽ വർദ്ധിക്കുന്നു.

ഡോ. വിൽബർചാപ്മാൻ കഠിനമായ പരിശോധനയിൽ ഇരിക്കുമ്പോൾ പാശ്ചാത്യരാജ്യങ്ങളിലേക്ക് ഒരു യാത്രചെയ്യേണ്ടിവന്നു. താൻ യാത്ര പുറപ്പെടുമ്പോൾ തന്റെ സഭാമൂപ്പന്മാരിൽ ഒരാളും, ഒരു ബാങ്ക് ഉടമയുമായ ഒരാൾ അദ്ദേഹത്തിന്റെ പേരിൽ ഒരു ചെക്കെഴുതി തുകവയ്ക്കാതെ ഒപ്പിട്ട് ഏല്പിച്ചു. "എന്റെ ഇഷ്ടം പോലെ ഏതു തുകയും ഈ ചെക്കിൽ എഴുതുവാനുള്ള സ്വാതന്ത്ര്യത്തോടു കൂടെയാണോ ഈ ചെക്ക് എനിക്കു നല്കുന്നത്" എന്ന് ഡോ. വിൽബർ ചാപ്മാൻ ചോദിച്ചു. അതിന് അദ്ദേഹം ഉത്തരം പറഞ്ഞത് ഇപ്രകാരം ആണ്. "അതെ നിന്റെ ആവശ്യം എനിക്ക് നിശ്ചയമില്ല. അതിനാൽ ആവശ്യം പോലെ തുക എഴുതി വാങ്ങി കൊൾക" എന്നും കൂടെ കൂട്ടിച്ചേർത്തു. എന്നാൽ ഡോക്ടർ, ആ ചെക്ക് ഉപയോഗിച്ചില്ല. പക്ഷെ ഏതു വൻതുകയും ഉപയോഗിക്കുവാൻ കഴിയുമാറ് ചെക്ക് തന്റെ പക്കൽ ഉണ്ടെന്നുള്ള ബോധ്യം തനിക്ക് ആത്മവിശ്വാസവും ധൈര്യവും പകർന്നിരുന്നു.

എന്നാൽ ദൈവമക്കളെ! നമ്മെ കരുതുന്ന പരിപാലിക്കുന്ന സർവ്വശക്തനായ ദൈവം ആ ധനികനായ മനുഷ്യനെക്കാൾ എത്രയോ സമ്പന്നനാണ്. നമ്മെ സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും അനുഗ്രഹിച്ചിരിക്കുകയാണ്. ഓരോരുത്തർക്കും സ്വന്തമായി ഓരോ ഭവനവും ഒരുക്കാൻ വാഗ്ദത്തം തന്നു പോയിരിക്കയാണ്. അപ്പൊസ്തലനായ പൗലോസ് ഫിലിപ്പിയർക്ക് ലേഖനം എഴുതുമ്പോൾ ഇങ്ങനെ പറഞ്ഞു; "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും" (ഫിലി. 4:19). ഈ വാഗ്ദത്തം ഫിലിപ്പിയർക്ക് മാത്രം ഉള്ളതല്ല. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട പുതിയനിയമ വിശ്വാസികളായ നമുക്കും കൂടെയുള്ളതാണ്. മാത്രമല്ല നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനാണ് നമ്മുടെ കർത്താവ് തന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നത് ഒക്കെയും നമുക്കു തരുന്നതിന് വാഗ്ദത്തത്തിന്റെ ചെക്ക് കർത്താവിന്റെ കരങ്ങളാൽ ഒപ്പിട്ട് നമ്മെ ഏല്പിച്ചിരിക്കയാണ്. ഇന്ന് അനേകവിശ്വാസികൾ ഈ ചെക്ക് വായിച്ചു നോക്കിയിട്ട് വീണ്ടും അവിടെത്തന്നെ വച്ചിരിക്കയാണ്. വേണ്ടതുപോലെ ഉപയോഗിക്കാൻ കഴിയാത്തവരായി. ധനവാന്റെ ചെക്ക് ഡോക്ടർ ഉപയോഗിച്ചില്ല. ഏതു വലിയ തുകയും ഉപയോഗിക്കത്തക്കവണ്ണം ചെക്ക് തന്റെ പക്കൽ ഉണ്ടല്ലോ എന്ന ബോധ്യം തനിക്ക് ആശ്വാസവും ധൈര്യവും ആയിരുന്നു. ദൈവവാഗ്ദത്തത്തിന്റെ പല ചെക്കുകളും നമുക്ക് കർത്താവ് തന്നു പോയിട്ടിട്ടുണ്ട്. അത് വിശ്വാസത്തോടെ ഉപയോഗിക്കാം. അതിന് ദൈവം സഹായിക്കട്ടെ.

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 24
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :

Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**02.08.2014**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**
**Licence No. KL/CR/MVK/WPP-01/2014-16**
**Licenced to Post Without Pre-payment**

***If not delivered, please return to :***
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: **D**'Club, Kallissery.